# 10

# “സത്യമല്ലാതെ ഒന്നുമല്ല”
## (1 രാജാക്കന്മാർ 22)

സത്യത്തേക്കാൾ ചില കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. യേശു പറഞ്ഞു, ‘‘സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും’’ (യോഹന്നാൻ 8:32). ജ്ഞാനിയായ മനുഷ്യൻ പറഞ്ഞു, ‘‘സത്യം വിൽക്കരുത്, വാങ്ങുകയത്രെ വേണ്ടത്’’ (സദൃശവാക്യങ്ങൾ 23:23). സത്യം പഠിക്കുവാൻ നാം സമയവും ഊർജവും ചെലവിടേണം; അതു ലഭിച്ചാൽ, അതെന്തായാലും നാം മുറുകെ പിടിക്കണം!

ഈ പാഠത്തിൽ നാം പൊതുവിൽ സത്യത്തെ കുറിച്ചല്ല, പിന്നെയോ സത്യത്തെ കുറിച്ച് ദൈവം വെളിപ്പെടുത്തിയിരിക്കുന്നതാണ് ശ്രദ്ധിക്കുന്നത്. യേശു തന്റെ പിതാവിനോട് പറഞ്ഞു, ‘‘നിന്റെ വചനം സത്യമാകുന്നു’’ (യോഹന്നാൻ 17:17). ദാവീദ് പ്രാർത്ഥിച്ചു, ‘‘യഹോവേ, നീ തന്നെ ദൈവം, നിന്റെ വചനങ്ങൾ സത്യമാകുന്നു’’ (2 ശമുവേൽ 7:28). ദൈവത്തിന്റെ വചനം സത്യമാണെന്ന് സങ്കീർത്തന എഴുത്തുകാരൻ സങ്കീർത്തനങ്ങൾ 119–ൽ പറയുന്നു: ‘‘നിന്റെ ന്യായപ്രമാണം സത്യമാകുന്നു..നിന്റെ കൽപനകൾ ഒക്കെയും സത്യം തന്നെ ... നിന്റെ വചനത്തിന്റെ സാരം സത്യം തന്നെ’’ (വാക്യങ്ങൾ 142, 151, 160).

നമ്മെ സ്വതന്ത്രമാക്കുന്ന സത്യം നാം അറിയേണ്ടതിന് അത് തന്റെ പുസ്തകമായ ബൈബിളിൽ ദൈവം വെളിപ്പെടുത്തി തന്നിരിക്കുന്നു: അവൻ തന്നെ കുറിച്ചും, തന്റെ പുത്രനെ കുറിച്ചും, മനുഷ്യനെ കുറിച്ചും പാപത്തെ കുറിച്ചും, രക്ഷയെ കുറിച്ചും ക്രിസ്തീയ ജീവിതത്തെ കുറിച്ചും, സ്വർഗത്തെയും നരകത്തെയും കുറിച്ചുള്ള സത്യം നമുക്ക് നൽകിയിരിക്കുന്നു. ബൈബിൾ നിറയെ ഉള്ള ഒരു രാജ്യത്തിൽ താമസിക്കുന്ന നമുക്ക്, ‘‘സത്യം അറിയുവാൻ അവസരം ലഭിച്ചില്ല’’ എന്നു പറയുവാൻ സാധ്യമല്ല.

സത്യത്തെ നാം എന്താണ് ചെയ്യുന്നത്, എന്നതാണ് ചോദ്യം? ഒരുപക്ഷെ ഇതുപോലെയുള്ള ലേഖനങ്ങൾ നിങ്ങൾ കണ്ടിരിക്കാം: ‘‘ബാക്കി വന്ന ടർക്കിയെ എന്തു ചെയ്യണമെന്നറിയുവാനുള്ള 25 കാര്യങ്ങൾ,’’ ‘‘സ്റ്റിറോഫോം ബോളിനെ എന്തു ചെയ്യണമെന്നറിയുവാനുള്ള 19 കാര്യങ്ങൾ,’’ ‘‘നിങ്ങളുടെ പഴയ പോളിയസ്റ്റർ സൂട്ടിനെ എന്തു ചെയ്യണമെന്നറിയുവാനുള്ള 3 കാര്യങ്ങൾ.’’ സത്യത്തെ എന്തു ചെയ്യണമെന്നു പറയാവുന്ന നൂറുകണക്കിനു കാര്യങ്ങളുണ്ട്. നമുക്ക് സത്യത്തെ അന്വേഷിക്കാം (യിരെമ്യാവ് 5:1). നമുക്ക് അത് അറിയുവാനും വിശ്വസിപ്പാനും കഴിയും (1 തിമൊഥെയൊസ് 4:3). നമുക്ക് അത് അനുസരിക്കുവാൻ കഴിയും (1 പത്രൊസ് 1:22). നമുക്ക് സംസാരിക്കുവാൻ കഴിയും (സെഖര്യാവ് 8:16; എഫെസ്യർ 4:15). അതനുസരിച്ച് നടക്കുവാൻ കഴിയും (1 രാജാക്കന്മാർ 2:4; 3:6; സങ്കീർത്തനങ്ങൾ 86:11). നമുക്ക് അതു പരിശീലിക്കാം (യോഹന്നാൻ 3:21; 1 യോഹന്നാൻ 1:6). അതിനെ പിന്താങ്ങുവാൻ കഴിയും (1 തിമൊഥെയൊസ് 3:15).

നേരെ മറിച്ച്, സത്യം മറച്ചു പിടിക്കാം (സങ്കീർത്തനങ്ങൾ 40:10). നമുക്ക്

അതിനെ അമർത്തുവാൻ കഴിയും (റോമർ 1:18). അതിനെ വ്യാജത്തിനായി കൈമാറാം (റോമർ 1:25). അതിനെ അനുസരിക്കാതെ തള്ളിക്കളയാം (റോമർ 1:28; ഗലാത്യർ 5:17). നമുക്ക് അതിനെ എതിർക്കുവാൻ കഴിയും (2 തിമൊഥെയൊസ് 3:8). നമുക്ക് അതിൽനിന്നു പുറന്തിരിയുവാൻ സാധിക്കും (2 തിമൊഥെയൊസ് 4:4; തിത്തൊസ് 1:4).

ആഹാബിന്റെ ജീവിതത്തിൽ, അവൻ സത്യത്തെ ത്യജിച്ചതിനാൽ, ആ സത്യം അവനെ എങ്ങനെ പിടിക്കുന്നു എന്ന് ഒന്നു രാജാക്കന്മാർ 22 വ്യക്തമാക്കുന്നു. എങ്ങനെയായാലും, നാം അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നതിനു മുമ്പ്, സത്യം ഉപയോഗിച്ചതും, ദുരുപയോഗിച്ചതും, തെറ്റായി ഉപയോഗിച്ചതും നാം കാണും. ബൈബിളിലെ സത്യത്തെ അവഗണിക്കയോ, തള്ളിക്കളയുകയോ ചെയ്താൽ അതിന്റെ അനന്തരഫലമെന്തെന്ന ശക്തമായ പാഠങ്ങൾ ഈ അദ്ധ്യായത്തിലുണ്ട്.

മനോഹരമായ ഒരു മനോവികാരം വാക്യം 16-ൽ കാണാം: ''നീ യഹോവയുടെ നാമത്തിൽ *സത്യ*മല്ലാതെ യാതൊന്നും എന്നോടു പറയരുതെന്ന് എത്ര പ്രാവശ്യം ഞാൻ നിന്നോട് സത്യം ചെയ്തു പറയേണം എന്നു ചോദിച്ചു'' (എംഫസിസ് മൈൻ.) നിർഭാഗ്യവശാൽ സത്യം കൊണ്ട് കളിക്കുന്ന ഒരു മനുഷ്യന്റെ വാക്കുകളായിരുന്നു അത്.

## നമുക്ക് സത്യംകൊണ്ടു കളിക്കുവാൻ കഴിയും (22:1-17)

നമ്മിൽ മിക്കപേരോടും, ''നിങ്ങൾക്ക് സത്യം വേണോ?'' എന്നു ചോദിച്ചാൽ മിക്കവാറും എല്ലാവരും ഊന്നൽ ചെലുത്തി ''വേണം!'' എന്നു പറയും. പക്ഷെ നമുക്ക് അത്രത്തോളം താൽപര്യം കാണുകയില്ല. മനുഷ്യബന്ധങ്ങളുടെ മനശാസ്ത്രത്തെ *ആളുകൾ കളിക്കുന്ന കളി* എന്ന ഒരു പുസ്തകം 1964-ൽ, എറിക് ബേൺ എഴുതി. ആളുകൾ സത്യത്തെ എടുത്തു കളിക്കും. ആളുകൾ ആ രീതിയിൽ കളിക്കുന്ന ധാരാളം ഉദാഹരണങ്ങൾ അദ്ധ്യായം 22 ന്റെ ആദ്യ ഭാഗത്ത് കാണാം.

### "വിട്ടുവീഴ്ച്ച" എന്ന കളി

ദൈവഭക്തനായിരുന്ന ഒരു രാജാവ് ''വിട്ടുവീഴ്ച്ച'' എന്ന കളി കളിച്ചു.

> അരാമും [സിറിയ] യിസ്രായേലും യുദ്ധം ചെയ്യാതെ മൂന്നു സംവൽസരം പാർത്തു. മൂന്നാം ആണ്ടിൽ യെഹൂദാരാജാവായ യെഹോശാഫാത്ത് യിസ്രായേൽ രാജാവിന്റെ അടുക്കൽ ചെന്നു (വാക്യങ്ങൾ 1, 2).

അത് നിർണ്ണായകമായ ഒരു സംഭവം ആയിരുന്നു. രേഖകളനുസരിച്ച്, യുദ്ധക്കളത്തിലല്ലാതെ[1] യെഹൂദാരാജാവും യിസ്രായേൽ രാജാവും തമ്മിൽ കാണുന്നത് ഇത് ആദ്യമാണ്. യെഹോശാഫാത്ത് എന്തിനാണ് ആഹാബിനെ കാണുവാൻ പോയതെന്ന വിശദവിവരം നമുക്ക് ഇല്ല. വർഷങ്ങൾക്കു മുൻപ് നടന്ന ഒരു സംഭവവുമായുള്ള ബന്ധത്തിലാണ് എന്ന് ദിനവൃത്താന്തലേഖകൻ[2] വ്യക്തമാക്കുന്നു: ''വിവാഹവുമായുള്ള ബന്ധത്തിലാണ് ... യെഹോശാഫാത്ത് ആഹാബുമായ സഖ്യമുണ്ടാക്കിയത്'' (2 ദിനവൃത്താന്തം 18:1). ഒമ്പതോ മന്നോ വർഷങ്ങൾക്കു മുൻപ് യെഹോശാഫാത്ത് ആഹാബിന്റേയും ഈസെബേ

ലിന്റേയും മകൾ അഥല്യയെ തന്റെ മകന് വിവാഹം[3] ചെയ്തുകൊടുത്തു.[4]

ഒന്നു രാജാക്കന്മാർ 22 ന്റെ അവസാനഭാഗത്ത്, യെഹോശാഫാത്തിന്റെ ന്യൂനതകൾ എടുത്തു പറഞ്ഞിരിക്കുന്നു. അവയിൽ മുഖ്യമായത് ''യിസ്രായേൽ രാജാവുമായി സഖ്യത ചെയ്തതാണ്!'' (വാക്യം 44). യെഹോശാഫാത്ത് തികഞ്ഞവനായിരുന്നില്ല, എന്നാൽ യെഹൂദയിലെ നല്ല രാജാക്കന്മാരിൽ ഒരാളായിരുന്നു അവൻ. ''അവൻ തന്റെ അപ്പനായ ആസയുടെ എല്ലാ വഴികളിലും നടന്നു; അതു വിട്ടു മാറാതെ യഹോവക്കു പ്രസാദമായതു ചെയ്തു'' (വാക്യം 43)[5] യെഹോശാഫാത്തിന്റെ ജീവിതത്തിൽനിന്നു വ്യത്യസ്തമായി, യിസ്രായേൽ രാജാവായ ആഹാബ് യിസ്രായേലിലെ ഏറ്റവും ദുഷ്ടരായ രാജാക്കന്മാരിൽ ഒരാളായിരുന്നു (1 രാജാക്കന്മാർ 16:33). സ്പഷ്ടമായും, സമാധാനമാണ് ഏറ്റവും മുഖ്യമായി വേണ്ടത് എന്നു വിചാരിച്ച്, യെഹോശാഫാത്തിന്റെ മകനെക്കൊണ്ട് ആഹാബിന്റെ മകളെ വിവാഹം കഴിപ്പിക്കുവാൻ സമ്മതിച്ചു.[6] അവൻ ആഹാബുമായി ഒരു സഖ്യവുമുണ്ടാക്കി.

ഏറ്റവും ഉയർന്ന ലക്ഷ്യമായിരുന്നു യെഹോശാഫാത്തിനുണ്ടായിരുന്നത് എന്ന കാര്യത്തിൽ സംശയമില്ല. പരസ്പരം സമാധാനത്തിലാണെങ്കിൽ, ഒരുപക്ഷെ യിസ്രായേലിന്റെ തെറ്റായ വഴികളിൽനിന്നു അവരെ പിന്തിരിപ്പിക്കുവാൻ കഴിയുമെന്ന് അവൻ വിചാരിച്ചിരിക്കാം. എങ്ങനെയായാലും, അവൻ ചെയ്തത് തത്വത്തിൽ തെറ്റായിരുന്നു, പരിശീലനത്തിൽ അതു വിപത്തായിരുന്നു,[7] അതിന്റെ അനന്തരഫലത്തിലാണെങ്കിൽ, അതു വിധികൽപിതവുമായിരുന്നു.[8] സമാധാനം കാംക്ഷിക്കേണ്ടതാണ്,[9] പക്ഷെ അതു സത്യത്തെ ബലികഴിച്ചുകൊണ്ടാകരുത്. ശലോമോൻ പറഞ്ഞു, ''സത്യം വിൽക്കുകയല്ല, വാങ്ങുകയത്രേ വേണ്ടത്'' (സദൃശവാക്യങ്ങൾ 23:23). സമാധാനത്തിനായി ഒരിക്കലും സത്യം വിൽക്കരുത്; അത് ഉയർന്ന വിലയുള്ളതാണ്.

യെഹോശാഫാത്ത് ശമര്യയിലെത്തിയപ്പോൾ, ആഹാബ് അവന് വലിയോരു വിരുന്നൊരുക്കി നൽകി. ''അനേകം കാളകളേയും ആടുകളേയും അവനായി അറുത്തു'' (2 ദിനവൃത്താന്തം 18:2). വിരുന്നിനിടയിൽ, ആഹാബ് യോർദ്ദാനരികെയുള്ള ഒരു പട്ടണത്തെ കുറിച്ചു സംസാരിച്ചു: ''ഗിലെയാദിലെ രാമോത്ത് നമുക്കുള്ളതായിരുന്നു. എന്നാൽ അത് ഇപ്പോൾ അരാം രാജാവിന്റെ കൈവശമാണ്, അതു വീണ്ടെടുക്കുവാൻ നാം ഇതുവരെ ഒന്നും ചെയ്തില്ലല്ലൊ?'' (വാക്യം 3). ആഹാബ് യെഹോശാഫാത്തിന്റെ ഗുണത്തിനു വേണ്ടിയായിരുന്നു സംസാരിച്ചത്, പക്ഷെ അവൻ സംസാരിച്ചത് ''തന്റെ ഭൃത്യന്മാരോടായിരുന്നു.'' അവൻ ഒരു കളി കളിക്കുകയായിരുന്നു.

''രാമോത്ത്-ഗിലെയാദ്'' അർത്ഥം ഗിലെയാദിലെ രാമോത്ത് എന്നാണ്. ഗിലെയാദ് യോർദ്ദാനു കിഴക്കുള്ള നിരപ്പല്ലാത്ത സ്ഥലമായിരുന്നു, ഏലിയാവ് ആ പ്രദേശത്തുകാരനായിരുന്നു.[10] ചുറ്റും മതിലും കൊത്തളവുമുള്ള ഒരു അതിർത്തി ദേശമായിരുന്നു ഗിലെയാദിലെ രാമോത്ത്. അത് തന്ത്രപരമായി യിസ്രായേലിലേക്ക് സമീപിക്കുവാനുള്ള ഉയർന്ന സ്ഥലത്തായിരുന്നു. എങ്ങനെയായാലും, ഇപ്പോൾ, അരാമ്യ സൈന്യത്തിന്റെ കീഴിലായതിനാൽ, എപ്പോഴും യിസ്രായേലിനു അതു ഭീഷണിയായി തീരുകയും ചെയ്തിരിക്കുന്നു. യാദൃശ്ചികമായി, 1 രാജാക്കന്മാർ 20:34 പറയുന്നത് അരാം രാജാവായ ബെൻഹദദ്, അവന്റെ ''സഹോദരൻ'' ആഹാബിനോട് വാക്ക് പാലിച്ചില്ല എന്നാണ്.

ആഹാബ് പിന്നെ നേരിട്ട് യെഹോശാഫാത്തിനോട് സംസാരിച്ചു: ''യുദ്ധ

ത്തിനായി നീ ഗിലെയാദിലെ രാമോത്തിലേക്ക് പോരുമോ?'' സ്പഷ്ടമായും യെഹോശാഫാത്ത് അതിനു മടി കാണിച്ചില്ല: ''ഞാനും നീയും എന്റെ ജനവും നിന്റെ ജനവും എന്റെ കുതിരകളും നിന്റെ കുതിരകളും ഒരുപോലെയല്ലൊ'' (1 രാജാക്കന്മാർ 22:4). അതു ''നമുക്ക് ഒരുമിച്ച് യുദ്ധത്തിനു പോകാം'' എന്നു പറയുന്നതുപോലെയാണ്. ''ഞങ്ങൾ നിന്നോടുകൂടെ യുദ്ധത്തിനു പോരാം'' എന്നു ദിനവൃത്താന്തക്കാരൻ ചേർത്തിരിക്കുന്നു (2 ദിനവൃത്താന്തം 18:3).

ആഹാബിനോടുകൂടെ യുദ്ധത്തിനുപോകുവാൻ തയ്യാറാണെന്ന് യെഹോശാഫാത്ത് അത്ര പെട്ടെന്ന് സമ്മതിച്ചത് എന്തുകൊണ്ടാണ്? ഒരുപക്ഷെ യെഹൂദയും യിസ്രയേലും തമ്മിലുള്ള ഐക്യത കൂടുതൽ ഉറപ്പിക്കുവാനായിരിക്കാം. ഗിലെയാദിലെ രാമോത്ത് യെരുശലേമിൽനിന്നു നാൽപതു മൈൽ മാത്രം അകലെയായതിനാൽ, യെഹൂദക്കും അതു ഭീഷണിയായിരുന്നതിനാലാകാം. ആഹാബ് നല്ല ഒരു വ്യാപാരി ആയതുകൊണ്ടുമാകാം. 2 ദിനവൃത്താന്തം 18 പറയുന്നു, ''അവൻ [ആഹാബ് ]ഗിലെയാദിലെ രാമോത്തിലേക്ക് യുദ്ധത്തിനു പോരുവാൻ *വശീകരിച്ചു*'' (വാക്യം 2; എംഫസിസ് മൈൻ). കാരണം എന്തായാലും, ദൈവം അതിൽ പ്രസാദിച്ചില്ല. യുദ്ധശേഷം യെഹോശാഫാത്ത് വീട്ടിലേക്ക് മടങ്ങിപ്പോയി, അവനെ ദൈവത്തിന്റെ ഒരു പ്രവാചകൻ എതിരേന്നു:

> സമാധാനത്തോടെ മടങ്ങി വന്നപ്പോൾ ഹനാനിയുടെ മകനായ യേഹു ദർശകൻ അവനെ ഏതിരേന്നു ചെന്നു യെഹോശാഫാത്ത് രാജാവിനോട്, ''ദുഷ്ടനു [ആഹാബിനും അവന്റെ കൂട്ടാളികൾക്കും] സഹായം ചെയ്യുന്നതു വിഹിതമോ? യഹോവയെ പകെക്കുന്നവരോട് [ആഹാബിനോടും മന്നു വിഗ്രഹാരാധികളോടും] നീ സ്നേഹം കാണിക്കുന്നുവോ? അതു കൊണ്ടു യഹോവയിങ്കൽനിന്നു കോപം നിന്റെ മേൽ വന്നിരിക്കുന്നു'' (2 ദിനവൃത്താന്തം 19:2).

ദൈവത്തെ പിൻപന്നുന്നവർ, തങ്ങളുടെ ഉദ്ദേശം എത്ര *നല്ല*താണെങ്കിലും ദുഷ്ടതയോട് വിട്ടുവീഴ്ച്ച ചെയ്താൽ, ദൈവം അതിൽ ഒരിക്കലും പ്രസാദിക്കുകയില്ല.[11] നാം ദുഷ്ടതയോടു വിട്ടുവീഴ്ച്ച ചെയ്താൽ ഹിമഗോളമാകും. യെഹോശാഫാത്ത് സമാധാനത്തിനായി കൈകൊടുത്തു തുടങ്ങി; ഇപ്പോൾ അവൻ തന്റെ ജീവനെ തന്നെ യുദ്ധക്കളത്തിലേക്ക് എറിഞ്ഞുകൊടുത്തു.

## "അവർ കേൾക്കുവാൻ-ആഗ്രഹിക്കുന്നത്-അവരോട്-പറയൽ" എന്ന കളി

കള്ളപ്രവാചകന്മാർ ''ജനങ്ങൾ കേൾക്കുവാൻ–ആഗ്രഹിക്കുന്നത്–അവരോട്–പറയും.'' ''യെഹോശാഫാത്ത് യിസ്രായേൽ രാജാവിനോട് പറഞ്ഞു, 'ഇന്നു യഹോവയുടെ അരുളപ്പാട് ചോദിച്ചാലും' '' (വാക്യം 5). ''യുദ്ധത്തിനു പോകുന്നതിനു മുമ്പ് നമുക്ക് ദൈവത്തോട് ആലോചിക്കാം.'' ഗൗരവമായ ഒരു തീരുമാനം എടുക്കുന്ന ഏതൊരു സാഹചര്യത്തിലും, നാം ദൈവത്തോട് ചോദിക്കുക*യും*, കർത്താവിന്റെ[12] ഉത്തരം സ്വീകരിക്കുകയും വേണം.

''അങ്ങനെ യിസ്രായേൽ രാജാവ് ഏകദേശം നാനൂറു പ്രവാചകന്മാരെ കൂട്ടിവരുത്തി'' (വാക്യം 6). യഹോവയുടെ പ്രവാചകന്മാർ എന്നു വിളിക്കപ്പെട്ടവരായിരുന്നില്ല ആ നാനൂറു പ്രവാചകന്മാർ. അവർ യഹോവയുടെ നാമത്തിൽ ഒരിക്കൽ ധ്യാനിച്ചവരായിരുന്നു (വാക്യങ്ങൾ 11, 12, 24), എന്നാൽ ആഹാബിന്റെ പ്രവാചകന്മാർ എന്നാണ് വാസ്തവത്തിലുള്ള ഒരു പ്രവാചകൻ അവരെ വിളി

ച്ചത് (വാക്യങ്ങൾ 22, 23), യഹോവയുടെ എന്നായിരുന്നില്ല. അവർ ആരായിരുന്നു എന്നു നമുക്ക് അറിയില്ല. ഏലിയാവ് കൊന്ന ബാലിന്റെ 450 പ്രവാചകന്മാർക്ക് പകരം ആഹാബ് നിയമിച്ച പ്രവാചകന്മാരായിരിക്കാം. ഒരുപക്ഷെ കൊല്ലപ്പെടാതിരുന്ന അശേരയുടെ നാനൂറു പ്രവാചകന്മാരായിരുന്നേക്കാം.[13] ഒരു കാര്യം തീർച്ചയാണ്: ആഹാബ് കേൾക്കുവാൻ ആഗ്രഹിക്കുന്നതു പ്രവചിക്കുവാൻ അരമനയിൽ നിയമിക്കപ്പെട്ട പ്രവാചകന്മാരായിരുന്നു അവർ.

ആഹാബ് അവരോട് ചോദിച്ചു, ''ഞാൻ ഗിലെയാദിലെ രാമോത്തിലേക്ക് യുദ്ധത്തിന് പോകയോ പോകാതിരിക്കുകയോ എന്തു വേണ്ടു?'' അതിന്നു അവർ, ''പുറപ്പെടുക, കർത്താവ് അതു രാജാവിന്റെ കയ്യിൽ ഏൽപിക്കും.'' (വാക്യം 6). ശരിയായ പ്രവാചകന്മാർ ചെയ്തിരുന്നതുപോലെ[14] ''യഹോവയുടെ നാ മത്തിൽ'' എന്ന് അവർ പറഞ്ഞില്ല. ആ വാക്യത്തിലെ ''കർത്താവ്'' എന്നതു *അഡോണായി* എന്ന എബ്രായപദത്തിൽനിന്നുള്ളതാണ്, *ആ* വാക്ക് ബാ ലിന്നും ഉപയോഗിച്ചിരുന്നു.[15]

വാസ്തവത്തിൽ, ആ നാനൂറു പ്രവാചകന്മാരും നൽകിയ ഉത്തരം ദ്വയാർത്ഥത്തിലായിരുന്നു. ''പുറപ്പെടുക,'' അവർ പറഞ്ഞു, ''കർത്താവ് അത് രാജാവിന്റെ കയ്യിൽ ഏൽപിക്കും.'' ഏതു ''കർത്താവ്?'' ബാലോ അതോ യഹോവയോ? ഏത് രാജാവ്? യിസ്രായേൽ രാജാവോ? അതോ അരാം രാജാവോ? ''അതു'' എന്നതിന്റെ അർത്ഥം എന്താണ്? അതിന്റെ അർത്ഥം എന്തുമാകാം.[16] ബെൻഹദദിന്റെ കയ്യിൽ ഏൽപിക്കപ്പെടുന്നത് ആഹാബ് തന്നെയും ആകാം. (ആ പ്രവാചകന്മാരുടെ പ്രവചനങ്ങൾ, ''മനോവിദഗ്ദ്ധരുടെ'' ''മുന്നറിയിപ്പുകൾ'' പോലെയാണ്; വർത്തമാന പത്രങ്ങളിലെ ''അപവാദ'' ഫീച്ചർ പോലെയാണ്, അതിന്റെ അർത്ഥം എന്തും ആകാം.)

ആ അവ്യക്തമായ ഉത്തരത്തിൽ യെഹോശാഫാത്ത് തൃപ്തനായില്ല. ''എന്നാൽ യെഹോശാഫാത്ത് പറഞ്ഞു, 'നാം അരുളപ്പാട് ചോദിക്കേണ്ടതിന്നു ഇവിടെ യഹോവയുടെ പ്രവാചകനായിട്ട് ഇനി ആരും ഇല്ലയോ?' '' (വാക്യം 7). നിങ്ങളുടെ ബൈബിൾ പരിശോധിക്കുക; ''കർത്താവ്'' എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെല്ലാം വലിയ അക്ഷരത്തിലാണ്, അത് ദൈവത്തിന്റെ വിശുദ്ധനാമത്തെയാണ് സൂചിപ്പിക്കുന്നത്: യഹോവ. യെഹോശാഫാത്ത് പറഞ്ഞു, ''എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് *വാസ്തവത്തിലുള്ള* പ്രവാചകനോടാണ് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്.''

**എനിക്ക്-യോജിക്കുന്ന-സത്യമാണ് വേണ്ടത് എന്ന കളി**

അഭക്തനായ ഒരു രാജാവ് ആഗ്രഹിക്കുന്നത് ''തനിക്ക്-യോജിക്കുന്ന-സത്യം കേൾക്കുവാനാഗ്രഹിക്കുന്ന കളിയാണ്'' കളിക്കുന്നത്. ആഹാബ് തന്റെ മറുപടിയിൽ അവന്റെ സ്വഭാവത്തെയാണ് പ്രകടമാക്കിയത്: ''നാം യഹോവയോട് അരുളപ്പാട് ചോദിപ്പാൻ തക്കവണ്ണം ഇനി യിമ്രയുടെ മകനായ മീഖായാവ് എന്ന ഒരുത്തനുണ്ട്. എന്നാൽ അവൻ എന്നെ കുറിച്ചു ഗുണമല്ല ദോഷം തന്നെ പ്രവചിക്കുന്നതുകൊണ്ട് എനിക്ക് അവനോട് ഇഷ്ടമില്ല'' (വാക്യം 8).

പല കാര്യങ്ങളാണ് ആ വേദഭാഗം പറയുന്നത്:

ഒന്നാമത്, വേറെ ഒരു പ്രവാചകൻ, മീഖായാവ്,[17] ആഹാബിനെ പല അവസരങ്ങളിലും കണ്ടിട്ടുണ്ട്.[18] മീഖായാവ് എന്ന വാക്കിനർത്ഥം, ''യഹോവയെ പോലെ ആരുള്ളു'' എന്നാണ്. കർമ്മേലിൽ ധൈര്യം കാണിച്ച ഏലിയാവിനെ

പോലെയുള്ള പ്രവാചകനായിരിക്കാം മീഖായാവ്. യഹൂദപാരമ്പര്യമനുസരിച്ച്, അവനായിരുന്നു 1 രാജാക്കന്മാർ 20-ൽ വേഷം മാറി ആഹാബിനെ വെല്ലുവിളിച്ചതായ പ്രവാചകൻ.

രണ്ടാമത്, സത്യം എപ്പോഴും സുഖകരമായിരിക്കയില്ല. ''സത്യം'' എപ്പോഴും തനിക്ക് ''നല്ല വിശേഷം'' ആയിരിക്കണം എന്നാണ് ആഹാബ് വിചാരിച്ചത്. എങ്ങനെയായാലും, സത്യം എപ്പോഴും ''നല്ല വിശേഷം'' ആയിരിക്കയില്ല; ചിലപ്പോൾ അതു ''മോശമായിരിക്കും'' (വളരെ മോശം). ''സത്യം വേദനിപ്പിക്കും'' എന്ന് പഴയ ഒരു ചൊല്ലുണ്ട്. സത്യം ചിലപ്പോൾ സുഖപ്പെടുത്തുമെങ്കിലും, പലപ്പോഴും ആ ചൊല്ല് കേൾക്കുമ്പോൾ അതു ശരിയാണെന്നു നമുക്ക് തോന്നിപ്പോകും.

ഡോ. ഫ്രെഡ് ബർട്ടന്റെ കീഴിൽ ഞാൻ അബിലീൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയിൽ ഹൊമിലെറ്റിക്സ് പഠിച്ചിട്ടുണ്ട്. ആദ്യ വർഷം പ്രസംഗങ്ങൾ തയ്യാറാക്കുക എന്ന വിഷയമാണ് കൈകാര്യം ചെയ്തത്; അതിൽ എനിക്ക് ''ഏ'' ഗ്രേഡായിരുന്നു. അടുത്ത വർഷം അവതരണമായിരുന്നു; എന്റെ ജീവിതത്തിൽ പ്രസംഗമൽസരത്തിനു ധാരാളം സമ്മാനം കിട്ടുകയും, വർഷങ്ങളോളം പ്രസംഗിക്കയും ചെയ്തതിനാൽ അതിൽ ഞാൻ ''ഏ പ്ലസ്'' പ്രതീക്ഷിച്ചിരുന്നു. പ്രാരംഭം മുതലുള്ള എന്റെ പരിശ്രമങ്ങൾക്കെല്ലാം ''സി'' ഗ്രെയിഡ് കിട്ടിയ സമയത്ത് എനിക്കുണ്ടായ കോപം ഇന്നും ഞാൻ ഓർക്കുന്നു. പ്രസംഗിക്കുന്നതിനു മുൻപ് ഞാൻ എഴുതിക്കൊടുത്ത ബാഹ്യരൂപരേഖയിൽ അധികവും വിമർശനമായിരുന്നു, അവയിൽ അധികവും ചേഷ്ടാവിശേഷത്തെ കുറിച്ചുള്ളതായിരുന്നു. ഞാൻ പുറത്തുകടന്ന ഉടനെ ആ നോട്ടുകളെല്ലാം വലിച്ചുകീറി കാറ്റിൽ പറത്തി കളഞ്ഞു. ഡോ. ബർട്ടൻ എന്നോട് ''നന്നായി'' എന്നു പറയുവാനാണ് ഞാൻ ആഗ്രഹിച്ചത്, പകരം അദ്ദേഹം സത്യമാണ് പറഞ്ഞത്. അവസാനം അദ്ദേഹം സത്യം പറഞ്ഞത്, എന്റെ പ്രസംഗത്തിലെ മോശമായ അവതരണരീതി ക്രമേണ മാറ്റി നന്നാക്കേണ്ടത് ആവശ്യമായിരുന്നു എന്നതു എനിക്കു ഗുണം ചെയ്തു. എങ്കിലും, ആ സമയത്ത്, എനിക്ക് അത് ഇഷ്ടപ്പെട്ടില്ല!

നമുക്ക് സത്യം വേണമെന്നു നാം പറയും, പക്ഷെ അത് വാസ്തവമാണോ? നാം ഡോക്ടറുടെ അടുത്തു പോയാൽ ''ഒരു കുഴപ്പവുമില്ല''[19] എന്നു കേൾക്കുവാനാണോ അതോ ആരോഗ്യത്തിന്റെ സത്യാവസ്ഥ കേൾക്കുവാനാണോ നമുക്ക് താൽപര്യം? നിങ്ങൾ തൂക്കം നോക്കുവാനായി കയറി നിൽക്കുമ്പോൾ, ശരിയായ തൂക്കം കിട്ടണമെന്നാണോ അതോ ''നിങ്ങളുടെ തൂക്കം കൃത്യമായി അറിയണമെന്നാണോ ആഗ്രഹിക്കുന്നത്''?

മൂന്നാമത്, *ആഹാബ്* സത്യം ആഗ്രഹിച്ചിരു*ന്നില്ല*. മറിച്ച് താൻ എന്തു കേൾക്കണമെന്നാഗ്രഹിച്ചുവോ അതിനായിരുന്നു താൽപര്യപ്പെട്ടത്. ആ മനോഭാവത്തെ കുറിച്ച് പൗലൊസ് പറഞ്ഞു:

> അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും (2 തിമൊഥെയൊസ് 4:3, 4).

ആഹാബിനു ചുറ്റും കർണ്ണ-രസമായി സംസാരിക്കുന്ന ''ആത്മീയമായി-ഉപ്പ്''

എന്നു സംസാരിക്കുന്നവർ ഉണ്ട്. മീഖായാവിനെ പോലെയുള്ളവർ വന്നു അലോസരപ്പെടുത്തുന്ന സത്യം കേൾക്കുവാൻ അവൻ ഇഷ്ടപ്പെട്ടില്ല!

യെഹോശാഫാത്ത് ആഹാബിനെ ശാസിച്ചു: ''രാജാവ് അങ്ങനെ പറയരുതേ'' (വാക്യം 8). ''യഹോവയുടെ പ്രവാചകനെ കുറിച്ച് അങ്ങനെ പറയരുത്'' എന്നാണ് യെഹോശാഫാത്ത് പറഞ്ഞത്. ''അവനെ വിളിക്കുവാൻ മടിക്കരുത്. എനിക്ക് യഹോവയുടെ അരുളപ്പാട് വേണം.''

''അങ്ങനെ യിസ്രായേൽ രാജാവ് ഒരു ഷണ്ഡനെ വിളിച്ചു യിമ്രയുടെ മകനായ മീഖായാവിനെ വേഗത്തിൽ കൂട്ടിക്കൊണ്ടുവരുവാൻ കൽപിച്ചു'' (വാക്യം 9). ഈ വാക്യവും വാക്യം 26 ഉം സൂചിപ്പിക്കുന്നത്, മുൻപ് ആഹാബിന്റെ ദുഷ്ടതക്ക് വരുവാനിരിക്കുന്ന ''തിന്മ'' അറിയിച്ചതിന് (അതായത്, സത്യം) അവനെ പിടിച്ച് ആഹാബ് തടവിലാക്കിയിരുന്നു. അതുകൊണ്ട് ഷണ്ഡനു മീഖായാവിനെ ''പെട്ടെന്നു'' കൊണ്ടുവരുവാൻ കഴിഞ്ഞു.

ഷണ്ഡൻ മീഖായാവിനെ വിളിക്കുവാൻ പോയപ്പോൾ രംഗം മാറി. ''യിസ്രായേൽ രാജാവായ [ആഹാബും] യെഹൂദാരാജാവായ യെഹോശാഫാത്തും രാജവസ്ത്രം ധരിച്ച് ശമര്യയുടെ പടിവാതിൽ പ്രവേശനത്തിങ്കൽ ഒരു വിശാലസ്ഥലത്ത്[20] സിംഹാസനത്തിൽ ഇരുന്നു'' (വാക്യം 10). എല്ലാ പൊതുവായ കൈമാറ്റങ്ങളും നടന്നിരുന്നത് പട്ടണവാതിൽക്കൽ വെച്ചായിരുന്നു. രണ്ടു രാജാക്കന്മാരും തങ്ങളുടെ രാജവസ്ത്രത്തിൽ, എടുത്തുകൊണ്ടുപോകാവുന്ന സിംഹാസനങ്ങളിൽ ഇരുന്നു.

> പ്രവാചകന്മാരൊക്കെയും അവരുടെ സന്നിധിയിൽ പ്രവചിച്ചുകൊണ്ടിരുന്നു ... പ്രവാചകന്മാരൊക്കെയും അങ്ങനെ തന്നെ പ്രവചിച്ചു, ... ''ഗിലെയാദിലെ രാമോത്തിലേക്ക് യുദ്ധത്തിനായി പുറപ്പെടുക, നീ കൃതാർത്ഥനാകും. യഹോവ അതു രാജാവിന്റെ കയ്യിൽ ഏൽപിക്കും'' (വാക്യങ്ങൾ 10, 12).

പ്രവാചകന്മാരിൽ ഒരുത്തനായ സിദെക്കിയാവ്,[21] തീർച്ചയായും എന്റെ പുസ്തകത്തിലെ നിങ്ങളുടെ *പാഠങ്ങൾക്ക് ദൃശ്യാവിഷ്ക്കരണം നൽകണം* എന്ന പാഠം വായിച്ചിരിക്കാം. കൊമ്പുകൾ പോലുള്ള ഇരുമ്പുകൊണ്ട് ഒരു കൊമ്പുണ്ടാക്കി പിടിച്ചു, മന്നു പ്രവാചകന്മാർക്കു ചുന്നും പോയി, ഇപ്രകാരം പറഞ്ഞു, ''ഇവ കൊണ്ടു നീ അരാമ്യരെ അവർ ഒടുങ്ങുംവരെ കുത്തിക്കളയും എന്നിപ്രകാരം യഹോവ അരുളിച്ചെയ്യുന്നു''[22] (വാക്യം 11).

വാക്യം 11 ലേയും 12 ലേയും ''കർത്താവ്'' എന്ന വാക്ക് വലിയ അക്ഷരത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്: പ്രവാചകന്മാർ ഇപ്പോൾ യഹോവയുടെ നാമത്തിൽ പ്രവചനങ്ങൾ തട്ടിവിട്ടുകൊണ്ടിരുന്നു. ആഹാബും യെഹോശാഫാത്തും ആഗ്രഹിക്കുന്നതുപോലെ എന്തു പ്രസംഗിക്കുവാനും ആ പ്രവാചകന്മാർ തയ്യാറായിരുന്നു. അവർ ആരാധിച്ചുവന്ന നൂറുകണക്കിനു ദേവന്മാരോടുകൂടെ ഒന്നോ രണ്ടോ ചേർക്കുവാൻ അവർക്ക് ഒരു പ്രശ്നവുമില്ലായിരുന്നു. എബ്രായരുടെ ദേവനായ ''യഹോവ'' ക്കു പറയുവാനുള്ളതെന്തെന്ന് അറിയുവാൻ രാജാക്കന്മാർക്ക് താൽപര്യമെങ്കിൽ, അവർക്ക് അതിനു വിരോധമില്ലായിരുന്നു.

**"നിനക്ക്-എന്താണോ-നല്ലത്, അതു-പറയുവാൻ-എന്നെ അനുവദിക്കുക" എന്ന കളി**

സുഖകരമായി സംസാരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ കളിച്ചത്, ''നിനക്ക്-എന്താണോ-നല്ലത്, അത്-പറയുവാൻ-എന്നെ അനുവദിക്കുക'' എന്ന കളി കളിച്ചു. പിന്നെ മീഖായാവിനെ വിളിക്കുവാൻ പോയ സന്ദേശവാഹകൻ പറഞ്ഞു, ''നോക്കു, പ്രവാചകന്മാരുടെ വാക്കുകൾ ഒരുപോലെ രാജാവിന്നു ഗുണമായിരിക്കുന്നു. നിന്റെ വാക്കും അവരിൽ ഒരുത്തന്റേതുപോലെ ഇരിക്കേണം'' (വാക്യം 13). ''ഒരുപോലെ ഗുണമായിരിക്കുന്നു.'' അർത്ഥം ''എല്ലാവരും അതിനോട് യോജിച്ചിരിക്കുന്നു'' എന്നാണ്. ദൈവവഴിക്കെതിരായി ജനങ്ങൾ യോജിച്ചുനിൽക്കുമ്പോൾ, ദൈവത്തിനു വേണ്ടി, ''ഏകശബ്ദവുമായി'' ജനക്കൂട്ടത്തെ അഭിമുഖീകരിക്കുക പ്രയാസം തന്നെയാണ്.

''ഞങ്ങൾക്ക് ഐക്യതയും യോജിപ്പും ഉണ്ട്,'' ''അതു നശിപ്പിക്കരുത്.'' ''നോക്കു പ്രവാചകന്മാരുടെ വാക്കുകൾ ഒരുപോലെ രാജാവിനു ഗുണകരമായിരിക്കുന്നു. നിന്റെ വാക്കും അവരിൽ ഒരുത്തന്റേതുപോലെ ഇരിക്കേണം. നീയും ഗുണമായി പറയേണം'' (വാക്യം 13). ''നീ അങ്ങനെ പറഞ്ഞാൽ, അത് നമുക്ക് എല്ലാവർക്കും ഉപകാരമായിരിക്കും. രാജാവിനും സന്തോഷമാകും, ഗുണം കാണുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്, നിനക്ക് തടവിൽനിന്നു രക്ഷപ്പെടുകയും ചെയ്യാം. *ദയവായി* ഒരു മാറ്റത്തിനായി നല്ലതു സംസാരിക്കുക.'' ആ ഉദ്യോഗസ്ഥൻ, മനുഷ്യർ പ്രവാചകന്മാരോട് പണ്ട് പറഞ്ഞതിനോട് ഒക്കുന്നു, അത് യെശയ്യാവ് എഴുതിയിരിക്കുന്നു: ''നേരുള്ളത് ഞങ്ങളോട് പ്രവചിക്കരുത്; [മറിച്ച്] മധുരവാക്ക് ഞങ്ങളോട് സംസാരിപ്പിൻ, അക്ഷരികമായി, ധ്വനിമുള്ള കാര്യങ്ങൾ] വ്യാജങ്ങളെ പ്രവചിപ്പിൻ'' (യെശയ്യാവ് 30:10).

ധൈര്യശാലിയായിരുന്ന ഒരു പ്രവാചകൻ അവസാനം പറഞ്ഞു, ''എല്ലാ കളികളും മറന്നേക്കുക! നമുക്ക് ഉള്ളത് ഉള്ളതുപോലെ പറയാം!'' അവസാനം നമ്മുടെ നായകനെ നാം കാണുന്നു: ''എന്നാൽ മീഖായാവ്, [ഷണ്ഡനോട്] 'യഹോവയാണ, യഹോവ എന്നോട് അരുളിച്ചെയ്യുന്നതു തന്നെ ഞാൻ പ്രസ്താവിക്കും' '' (വാക്യം 14). ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യുന്ന എല്ലാവരും ഇത് നമ്മുടെ ഹൃദയങ്ങളിൽ എഴുതിയിടേണ്ടതാണ്!

പ്രവാചകന്മാരുടെ കളികൾ തുടർന്നിരുന്ന സമയത്തായിരുന്നു മീഖായാവ് ആഹാബിന്റെ അടുക്കൽ എത്തിയത്. ''രാജാവ് ചോദിച്ചു, 'മീഖായാവേ, ഞങ്ങൾ ഗിലെയാദിലെ രാമോത്തിലേക്ക് യുദ്ധത്തിനു പോകയോ, പോകാതിരിക്കയോ എന്തു വേണ്ടു?' '' (വാക്യം 15). മീഖായാവ് പറഞ്ഞതിനെ കുറിച്ച് ആഹാബ് കാര്യമാക്കിയില്ല; യെഹോശാഫാത്തിന്റെ ഗുണത്തിനു വേണ്ടിയായിരുന്നു അവൻ ചോദിച്ചത്. അവൻ ചോദിച്ചത് യെഹോശാഫാത്തിന്റെ ഗുണത്തിനു വേണ്ടിയായിരുന്നു എന്ന് മീഖായാവിനു അറിയാമായിരുന്നു, താൻ യെഹോശാഫാത്തിന്റെ പ്രയോജനത്തിനു വേണ്ടിയാണ് ചോദിച്ചതെന്നു മീഖായാവിനു അറിയാമെന്ന് ആഹാബിനും അറിയാമായിരുന്നു, ആഹാബ് അതു മനസിലാക്കിയെന്ന് മീഖായാവും മനസിലാക്കി ... അവർ കളിക്കുകയായിരുന്നു. മീഖായാവ് കളിച്ചു. കള്ളപ്രവാചകന്മാർ പറഞ്ഞ അതേ ഉത്തരം തന്നെ അവനും നൽകി: ''പുറപ്പെടുവിൻ നിങ്ങൾ കൃതാർത്ഥരാകും, യഹോവ അതു രാജാവിന്റെ കയ്യിൽ ഏൽപിക്കും'' (വാക്യം 15).[23] ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു'' എ*ന്നല്ല* മീഖായാവ് പറഞ്ഞത് എന്നു ശ്രദ്ധിക്കുക.

മീഖായാവ് പറഞ്ഞതിന്റെ അർത്ഥം അതല്ലായിരുന്നു എന്നു എല്ലാവർക്കും തീർച്ചയായിരുന്നു. ആ രംഗം വീഡിയോയിൽ പകർത്തിയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. അവൻ സംസാരിച്ച രീതിയും അപ്പോഴത്തെ അവന്റെ മുഖഭാവവും ആ കളിയിൽ എങ്ങനെ ആയിരുന്നു?[24]

ആഹാബ് മീഖായാവോട് പറഞ്ഞു, ''നീ യഹോവയുടെ നാമത്തിൽ സത്യമല്ലാതെ യാതൊന്നും പറയരുതെന്ന്[25] എത്ര പ്രാവശ്യം ഞാൻ നിന്നോട് സത്യം ചെയ്തു പറയേണം?'' (വാക്യം 16). എന്തൊരു വൈകാരികമായ വാക്കുകൾ! ഇതു ശ്രദ്ധിക്കുന്ന ഓരോ സദസ്യരും ഇന്നത്തെ മതപരമായ പ്രാസംഗികരോടും ഉപദേഷ്ടാക്കന്മാരോടും ഉച്ചത്തിൽ പറയണം, ''കർത്താവിന്റെ നാമത്തിൽ നിങ്ങൾ സത്യം മാത്രം ഞങ്ങളോട് സംസാരിക്കണം. സത്യം ആണ് ഞങ്ങൾക്ക് ആവശ്യം, പൂർണ്ണമായ സത്യം അല്ലാതെ യാതൊന്നുമല്ല!'' കളിക്കുന്ന ഒരു മനുഷ്യന്റെ വായിൽനിന്നാണ് ഈ പ്രധാനപ്പെട്ട വാക്കുകൾ വന്നതെന്ന് ഓർക്കുക, ആ മനുഷ്യൻ മറ്റൊരാളുടെ ഗുണത്തിനു വേണ്ടി വ്യർത്ഥവാക്കുകളാണ് സംസാരിച്ചിരുന്നത്.

ആ സമയത്ത് യഹോവയുടെ പ്രവാചകൻ പറഞ്ഞു, ''ഇനി കളിയല്ല, നമുക്ക് ഇങ്ങനെ കാര്യം സംസാരിക്കാം!''

> അങ്ങനെ അവൻ പറഞ്ഞു, ''ഇടയനില്ലാത്ത ആടുകളെ പോലെ യിസ്രായേൽ ഒക്കെയും പർവ്വതങ്ങളിൽ ചിതറിയിരിക്കുന്നതു ഞാൻ കണ്ടു; അപ്പോൾ. യഹോവ, 'ഇവർക്കു നാഥനില്ല; അവർ ഓരോരുത്തൻ താന്താന്റെ വീട്ടിലേക്ക് സമാധാനത്തോടെ മടങ്ങി പോകട്ടെ എന്നു കൽപിച്ചു' '' (വാക്യം 17).

തിരുവെഴുത്ത് അറിയാവുന്നവർക്ക് പരിചയമുള്ള പ്രയോഗമാണ് മീഖായാവ് ഉപയോഗിച്ചത് ''ഇടയനില്ലാത്ത ആടുകളെ പോലെ ജനം ആകാതിരിപ്പാൻ'' മോശെ ജനത്തിനു വേണ്ടി ഇതുപോലെയുള്ള വാക്കുകൾ ഉപയോഗിച്ചിരുന്നു (സംഖ്യാപുസ്തകം 27:16, 17)[26] യിസ്രായേലിൽ ''യജമാനനില്ലാതെ'' എന്നതു ആഹാബിന്റെ മരണത്തെ പ്രവചിക്കുന്നതാണെന്നു കൂടി വന്നിരുന്ന എല്ലാവർക്കും മനസിലായി.

## സത്യത്തോടു നാം കളിച്ചാൽ നമുക്കു തന്നെയാണ് നഷ്ടം[27] (22:18-23)

മുൻപ് മരണത്തെ പ്രവചിച്ചപ്പോൾ മുട്ടിന്മേൽ നിന്നതുപോലെ ഈ പ്രവചനവും ആഹാബിനെ മുട്ടിന്മേൽ നിർത്തിയേക്കുമെന്നു നാം വിചാരിക്കും (1 രാജാക്കന്മാർ 21:27), പക്ഷെ അതുണ്ടായില്ല. മറിച്ച് താൻ പരിഹാസ്യനായി എന്ന വിധത്തിൽ പ്രവർത്തിച്ചു. മീഖായാവ് തനിക്കു ദോഷമല്ലാതെ ഗുണമൊന്നും പറയുകയില്ല എന്നു തെളിയിക്കുവാനായി അതിനെ ആഹാബ് ഉപയോഗിച്ചു (വാക്യം 18). സത്യത്തിൽനിന്നു ആഹാബിനു ഗുണമൊന്നുമുണ്ടായില്ല. അവൻ സത്യത്തോട് കളിക്കുകയായിരുന്നു.

ആഹാബിന്റെ പരാതിക്കുശേഷം, ബൈബിളിൽ വെച്ച് ഏറ്റവും അസാധാരണമായ ഒരു ഭാഗം നാം വായിക്കുന്നു. മുഴുവൻ വിശദാംശങ്ങളും നമുക്ക് മനസിലാക്കുവാൻ കഴിയാത്ത വേദഭാഗങ്ങളിലൊന്നാണിത്, എന്നാൽ

അതിലെ മുഖ്യപോയിന്റ് മനസിലാക്കുവാൻ ബുദ്ധിമുട്ടുമില്ല:

> മീഖായാവ് പറഞ്ഞു, ''നീ യഹോവയുടെ വചനം കേൾക്ക. 'യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗത്തിലെ സൈന്യം [ദൂതന്മാർ] ഒക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നിൽക്കുന്നതും ഞാൻ കണ്ടു'. 'ആഹാബ് ചെന്നു ഗിലെയാദിലെ രാമോത്തിൽ വെച്ചു പട്ടുപോകത്തക്കവണ്ണം അവനെ ആർ വശീകരിക്കും?' എന്നു ചോദിച്ചതിന്നു ഒരുത്തൻ അങ്ങനെയും ഒരുത്തൻ ഇങ്ങനെയും പറഞ്ഞു. എന്നാറെ ഒരു ആത്മാവ് [അക്ഷരികമായ *ഏക* ആത്മാവ്] മുമ്പോട്ട് വന്നു യഹോവയുടെ സന്നിധിയിൽ നിന്നു, 'ഞാൻ അവനെ വശീകരിക്കും' എന്നു പറഞ്ഞു. 'ഏതിനാൽ?' എന്നു യഹോവ ചോദിച്ചതിന്നു അവൻ, 'ഞാൻ പുറപ്പെട്ടു അവന്റെ സകല പ്രവാചകന്മാരുടേയും വായിൽ ഭോഷ്ക്കിന്റെ ആത്മാവായിരിക്കും' എന്നു പറഞ്ഞു. നീ അവനെ വശീകരിക്കും. നിനക്കു സാധിക്കും; 'നീ ചെന്നു അങ്ങനെ ചെയ്ക' എന്നു അവൻ കൽപിച്ചു. ആകയാൽ യഹോവ ഇതാ ഭോഷ്ക്കിന്റെ ആത്മാവിനെ നിന്റെ ഈ സകല പ്രവാചകന്മാരിലും കൊടുത്തിരിക്കുന്നു. യഹോവ നിന്നെ കുറിച്ചു അനർത്ഥം കൽപിച്ചുമിരിക്കുന്നു എന്നു പറഞ്ഞു'' (വാക്യങ്ങൾ 19-23).

ദൈവത്തിനു ആരുടേയും ആലോചനയോ ഉപദേശമോ ആവശ്യമില്ലായ്കയാൽ (റോമർ 11:34, 35), നാം ഈ സംഭവത്തിന്റെ എല്ലാ വിശദാംശങ്ങളും അക്ഷരികമായി എടുക്കേണ്ട ആവശ്യമില്ല. എങ്ങനെയായാലും, ഉദ്ദേശം എളുപ്പത്തിൽ നമുക്ക് മനസിലാക്കാം. ആ നാനൂറുമ്പതു പ്രവാചകന്മാരും ഭോഷ്ക്ക് പറയുന്നവരാണെന്ന് മീഖായാവു പറഞ്ഞു. അവർ ആത്മാർത്ഥതയുള്ളവരായിരിക്കാം, അല്ലെങ്കിൽ അല്ലായിരിക്കാം. പക്ഷെ അവർ പറഞ്ഞതു സത്യമായിരുന്നില്ല. അവൻ ആഹാബിനോട് പറഞ്ഞു, ''നിന്റെ ഈ എല്ലാ പ്രവാചകന്മാരിലും ദൈവം വഞ്ചനയുടെ ആത്മാവിനെ അയച്ചിരിക്കുന്നു.''

''യഹോവ ഭോഷ്ക്കിന്റെ ആത്മാവിനെ [ആ] പ്രവാചകന്മാരിൽ അയച്ചു.'' ''അതു ന്യായമല്ല'' എന്നു ചിലർ ആ വേദഭാഗം എടുത്തു പറഞ്ഞേക്കാം. ''യഹോവ ആ പ്രവാചകന്മാരിൽ ഭോഷ്ക്കിന്റെ ആത്മാവിനെ അയച്ചതിലൂടെ അവൻ ആഹാബിനെ വഞ്ചിക്കുകയായിരുന്നു'' എന്നാണ് അവർ പറയുന്നത്. ദൈവം അവിശ്വാസികളുടെ ഹൃദയം കഠിനമാക്കും എന്നു പറയുന്ന മറുവേദഭാഗങ്ങളുമായി ചേർത്തുവേണം നാം ആ വേദഭാഗത്തെ മനസിലാക്കുവാൻ. ആ വേദഭാഗത്തിന്റെ ഒത്തുവാക്യങ്ങൾ പരിശോധിച്ചാൽ ഹൃദയം കഠിനപ്പെടുവാൻ *അനുവദിച്ചു* എന്നു കാണാം, എന്നാൽ അതിലുൾപ്പെട്ട ആളുകളുടെ *സ്വഭാവം* അനുസരിച്ചാണ് അങ്ങനെ സംഭവിക്കുന്നത്. അതാണ് ഇവിടെയും സംഭവിച്ചത്. ആഹാബ് പ്രവാചകന്മാരുടെ ഭോഷ്ക്ക് കേട്ട് വിശ്വസിക്കുകയും വഞ്ചിക്കപ്പെടുകയും ചെയ്തു. അതേ സന്ദേശം കേട്ട യെഹോശാഫാത്ത് വഞ്ചിക്കപ്പെട്ടു*മില്ല*.

ഇവിടെ പഠിപ്പിക്കുന്ന തത്വം പുതിയനിയമത്തിലെ ഏറുവും ചിന്തോദ്ദീപകമായ വേദഭാഗങ്ങളിലെ സത്യം പോലെയാണ്. 2 തെസലൊനിക്യർ 2:10-ൽ ''അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം *സത്യത്തെ സ്നേഹിച്ചു* കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും'' (എംഫസിസ് മൈൻ). പിന്നെ അവൻ

പറഞ്ഞു:

> സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു ദൈവം അവർക്കു ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും (2 തെസലൊനിക്യർ 2:11, 12).

''വ്യാജത്തിന്റെ വ്യാപാര ശക്തി *ദൈവം* അയക്കും ...,'' എന്ന പ്രയോഗം നമ്മെ വിഷമിപ്പിക്കുന്നതാണ്. ആ പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നതെല്ലാം എനിക്ക് അറിയില്ല. എന്നാൽ ദൈവം ന്യായവും നീതിയുമുള്ളവനാണ് എന്നെനിക്ക് അറിയാം. നാം വഞ്ചിക്കപ്പെട്ടാൽ, അതു ദൈവത്തിന്റെ കുഴപ്പമല്ല, പിന്നെയോ *നമ്മുടെ തന്നെ* കുഴപ്പം നിമിത്തമാണ്. ഈ ചോദ്യത്തേക്കാൾ വലിയ ചോദ്യം ഇല്ലെന്നു തോന്നുന്നു.നിങ്ങൾ സത്യത്തെ സ്നേഹിക്കുന്നുവോ? എച്ച്. ഡബ്ലിയു. ഷാ പറഞ്ഞു, ''സത്യം വിരളമായതിനാൽ, ആവശ്യത്തേക്കാളധികം വിതരണത്തിനുണ്ട്.''[28]

## നമുക്ക് സത്യത്തെ തള്ളിക്കളയുവാൻ കഴിയും (22:24-28)

മീഖായാവിന്റെ ചെറിയ കഥ സന്നിഹിതരായവർക്ക് മനസിലാക്കുവാൻ പ്രയാസം നേരിട്ടില്ല. തലയിൽ ഇരുമ്പുകൊമ്പുകൊണ്ട് ചുന്ദും നടന്ന കള്ളപ്രവാചകനായ സിദെക്കിയാവ് മീഖായാവിന്റെ ചെകിട്ടത്ത് അടിച്ചു വെല്ലുവിളിച്ചു: ''നിന്നോട് അരുളിച്ചെയ്യുവാൻ യഹോവയുടെ ആത്മാവ് എന്നെ വിട്ട് ഏതുവഴിയായി കടന്നു വന്നു എന്നു ചോദിച്ചു?'' (വാക്യം 24). വേറൊരു വാക്കിൽ പറഞ്ഞാൽ, ''ഞങ്ങൾ യഹോവയുടെ ആത്മാവിനാലായിരുന്നു സംസാരിച്ചത്, പിന്നെ എങ്ങനെ *നീ* അതിനെതിരായി യഹോവയുടെ സന്ദേശം പറയും?''

തന്നിൽ യഹോവയുടെ ആത്മാവില്ലെന്ന്, തന്റെ പ്രവൃത്തികളാൽ സിദെക്കിയാവ് തെളിയിച്ചു.[29] ചെകിട്ടത്ത് അടിക്കുന്നത് എല്ലാ കാലത്തും അപമാനകരം തന്നെയാണ്. മീഖായാവ് പകരം ഒന്നും ചെയ്യുകയോ, തിരിച്ച് അടിക്കുകയോ ചെയ്തില്ല. ദൈവത്തിന്റെ പ്രവാചകൻ തല കുലുക്കി ശാന്തമായി സിദെക്കിയാവിനോട്, ''നീ ഒളിപ്പാനായിട്ട് അറ തേടി നടക്കുന്ന ദിവസത്തിൽ നീ കാണും എന്നു പറഞ്ഞു'' (വാക്യം 25). ''ഒളിച്ചിരിക്കേണ്ട സമയം വരുമ്പോൾ നീ യഹോവയുടെ ആത്മാവിനെ കാണും.'' അതു ഉടനെ ആഹാബ് യുദ്ധത്തിൽ മരിച്ചു എന്നു കേൾക്കുമ്പോൾ സംഭവിക്കുന്നതിനെ സൂചിപ്പിച്ചതാകാം. അതു - നാനൂറു പ്രവാചകന്മാരും രാജാവ് യുദ്ധത്തിൽ ജയിക്കും എന്നു പ്രവചിച്ചശേഷം നടക്കുവാനിരിക്കുന്ന കാര്യമാണ്. ഈസെബേൽ ഒരുപക്ഷെ ആ നാനൂറു പ്രവാചകന്മാരുടേയും തല ആവശ്യപ്പെട്ടിരിക്കാം!

> പിന്നെ യിസ്രായേൽ രാജാവ് പറഞ്ഞു, ''മീഖായാവെ പിടിച്ചു നഗരാധിപതിയായ ആമോന്റേയും രാജകുമാരനായ[30] യോവാശിന്റേയും അടുക്കൽ കൊണ്ടുചെന്നു അവനെ കാരാഗൃഹത്തിലാക്കി ''ഞാൻ സമാധാനത്തോടെ വരുവോളം ഞെരുക്കത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും കൊടുത്തു പോഷിപ്പിക്കേണ്ടതിന്നു 'രാജാവ് കൽപിച്ചിരിക്കുന്നു എന്നു അവനോടു പറക'' ''' (വാക്യങ്ങൾ 26, 27).

മീഖായാവ് തടവിലേക്ക് തിരികെ പോകേണ്ടിയിരുന്നു. ആഹാബിന്നു ''ഗുണകരമായി'' സംസാരിക്കാതിരുന്നതിനുള്ള കൂടുതൽ ശിക്ഷയായിരുന്നു ഞെരുക്കത്തിന്റെ അപ്പവും വെള്ളവും കൊടുക്കുക എന്നത്. സത്യം പറയുന്നതിനു കുഴപ്പം നേരിടുന്നത് അസാധാരണയായിരുന്നില്ല!

''ഞാൻ സമാധാനത്തോടെ മടങ്ങിവരുന്നതുവരെ'' എന്ന് ആഹാബ് മീഖായാവിനോട് പറഞ്ഞത് അർത്ഥമാക്കുന്നത്, ''ഞാൻ നിന്നെ വിശ്വസിക്കുന്നില്ല, ഞാൻ യുദ്ധത്തിൽ മരിക്കുവാനും പോകുന്നില്ല,'' എന്നാണ്. മീഖായാവിനെ പിടിച്ചുകൊണ്ടുവപോകുവാൻ കൽപിച്ചപ്പോൾ, അവൻ ആഹാബിന്റെ വാക്കുകൾ അവനിലേക്ക് തിരിച്ചുവിട്ടു, ''നീ സമാധാനത്തോടെ തിരിച്ചുവരികയാണെങ്കിൽ, യഹോവ എന്നോട് അരുളിച്ചെയ്തിട്ടില്ല.'' ഒരു പ്രവാചകന്റെ വാക്കുകൾ സത്യമാണോ അല്ലയോ എന്നു പരിശോധിക്കേണ്ടിയിരുന്നു (ആവർത്തനപുസ്തകം 18:20-22).[31] മീഖായാവ് കൂട്ടിച്ചേർത്തു, ''സകലജാതികളുമായുള്ളോരേ കേട്ടുകൊൾവിൻ'' (വാക്യം 28). ''ആളുകൾ'' എന്ന എബ്രായ വാക്ക് സാധാരണ ''പുറജാതികൾ'' എന്നാണ് അർത്ഥമാക്കുന്നത്.

അത് ആഹാബിൽ ചലനം ഉണ്ടാക്കിയോ? സ്പഷ്ടമായും ഇല്ല. അവസാനം വരെ അവൻ സത്യത്തെ തള്ളിക്കളഞ്ഞു.

### നാം സത്യത്തെ തള്ളിക്കളഞ്ഞാൽ വിപത്ത് ഒഴിച്ചുകൂടാനാവാത്തതാണ് (22:29-39)

ആഹാബും യെഹോശാഫാത്തും അവരുടെ പദ്ധതികളുമായി മുമ്പോട്ടുപോയി, അവസാനം, ഗിലെയാദിലെ രാമോത്തിലേക്ക് പോയി (വാക്യം 29).

മീഖായാവിന്റെ മുന്നറിയിപ്പുണ്ടായിട്ടും ആഹാബ് യുദ്ധത്തിനു പോയതിൽനിന്നു നമുക്ക്, ആഹാബിന്റെ സ്വഭാവം മനസിലാക്കാം. യഹോവയുടെ ആലോചനക്കായി ശഠിച്ച യെഹോശാഫാത്ത് എന്തിനാണ് യുദ്ധത്തിനു പോയതെന്നു മനസിലാക്കുവാൻ പ്രയാസമാണ്. ഒരുപക്ഷെ ആഹാബിനോടുള്ള ആഴമേറിയ അനുകമ്പ അവനെ പിന്തിരിപ്പിക്കാതിരുന്നതാകാം. സത്യത്തോട് വിട്ടുവീഴ്ച്ച ചെയ്താൽ ആഴമേറിയ കുഴപ്പത്തിലേക്ക് നാം വീഴും. അങ്ങനെ യെഹോശാഫാത്ത് തന്റെ ജീവനെ പോലും നഷ്ടപ്പെടുത്തിയേക്കാവുന്ന സ്ഥിതിയിലെത്തി!

ആഹാബ് മീഖായാവിന്റെ മുന്നറിയിപ്പ് അവഗണിച്ചു പറഞ്ഞു, ''ഞാൻ സമാധാനത്തോടെ മടങ്ങി വരുവാനിരിക്കുന്നു'' (വാക്യം 27). എങ്ങനെയായാലും, അവനു അപ്പോഴും ഭയമുണ്ടായിരുന്നു. യുദ്ധത്തിനു വേണ്ടി ഒരുങ്ങിക്കൊണ്ടിരുന്നപ്പോൾ, കഴിഞ്ഞ സംഭവങ്ങളെ ഓർക്കുന്നതിനും പറഞ്ഞ കാര്യങ്ങളെ കുറിച്ചു ചിന്തിക്കുവാനും പല രാത്രികൾ അവനുണ്ടായിരുന്നു:

> '' '... നിന്റെ ജീവൻ അവന്റെ [ബെൻഹദദിന്റെ] ജീവനു പകരം ആയിരിക്കും ...' '' (20:42).

> '' '... നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്തു വെച്ച് തന്നെ നിന്റെ രക്തവും നക്കിക്കളയും ...' '' (21:19).

> '' ' ''ഇടയനില്ലാത്ത ആടുകളെ പോലെ യിസ്രായേൽ മക്കൾ ചിതറിയിരി

ക്കുന്നതു ഞാൻ കണ്ടു ... യഹോവ നിന്നെ കുറിച്ചു അനർത്ഥം കൽപി ച്ചിരിക്കുന്നു ...'' ' '' (22:17, 23).

യുദ്ധദിവസം ആഹാബിനു ഭയാനകമായ ഒരു വിപത്ത് സംഭവിച്ചു. സാധാരണ യുദ്ധത്തിൽ രാജാവാണ് സൈന്യത്തെ നയിക്കുക. ആദ്യം ആയുധവർഗം ധരിച്ചിട്ട് അതിനു മുകളിലാണ് രാജവസ്ത്രം ധരിക്കുന്നത്, പിന്നെ സൈന്യത്തിന്റെ മുൻപന്തിയിൽ നിന്നു പൊരുതും. പകരം, ആഹാബ് യഹോശാഫാത്തിനോട്, ''ഞാൻ യുദ്ധത്തിൽ വേഷം മാറി പോകും, എന്നാൽ *നീ* രാജവസ്ത്രം ധരിച്ചുകൊൾക'' (വാക്യം 30; എംഫസിസ് മൈൻ). സെപ്ത്വജിന്റിൽ ''*എന്റെ* വസ്ത്രം നീ ധരിച്ചുകൊൾക'' എന്നാണ്. ആകർഷണം തന്നിൽനിന്നു യെഹോശാഫാത്തിലേക്കു തിരിയുവാനാണ് ആഹാബ് ആഗ്രഹിച്ചിരുന്നത്. യെഹോശാഫാത്ത് എന്തിനാണ് അതിനു സമ്മതിച്ചത്? എന്നു നമുക്ക് വീണ്ടും ചോദിക്കാം. സ്പഷ്ടമായും അവനു അതിൽനിന്നു പുറത്തുകടപ്പാൻ കഴിഞ്ഞില്ല. ചിലന്തിവലയിൽ കുടുങ്ങിയ ഈച്ചയെ പോലെ ആയി അവൻ; കൂടുതൽ കുഴുപ്പങ്ങൾ നേരിടുന്തോറും, അവൻ കൂടുതൽ അതിനോട് ഇഴുകി ചേരുകയായിരുന്നു.

''നിങ്ങൾ യിസ്രായേൽ രാജാവിനോടല്ലാതെ, ചെറിയവരോടോ വലിയവരോടോ യുദ്ധം ചെയ്യരുത്'' എന്ന ബെൻഹദദിന്റെ മുപ്പത്തി-രണ്ടു രാജാക്കന്മാർക്കു കൊടുത്ത നിർദ്ദേശം ആഹാബിനെ കൂടുതൽ ഭയപ്പെടുത്തി[32] (വാക്യം 31). ''എന്തൊക്കെയായാലും, ആഹാബിനെ കണ്ടെത്തി കൊല്ലുക!'' എന്നതായിരുന്നു അവർക്ക് ലഭിച്ച നിർദ്ദേശം. (ആ നിർദ്ദേശം, അദ്ധ്യായം 20-ൽ യുദ്ധം ജയിച്ചശേഷം, ''സഹോദരൻ'' എന്നു വിളിച്ചു വിട്ടയച്ച അരാം രാജാവായിരുന്നു എന്നോർക്കണം!)

''അങ്ങനെ യിസ്രായേൽ രാജാവ് വേഷം മാറി യുദ്ധത്തിനു പോയി'' (വാക്യം 30). രാജ വസ്ത്രം ധരിക്കുന്നതിനു പകരം, ആഹാബ് സാധാരണ ഒരു ഭടന്റെ വേഷം ധരിച്ചാണ് യുദ്ധത്തിനിറങ്ങിയത്.

യുദ്ധം മുറുകിയപ്പോൾ, ബെൻഹദദിന്റെ മുപ്പത്തി-രണ്ട് രാജാക്കന്മാർ യെഹോശാഫാത്തിന്റെ രാജവസ്ത്രം കണ്ടു. അത് ആഹാബാണെന്നു ധരിച്ചു, അവർ അവനെ ചുറ്റിവളഞ്ഞു. യെഹോശാഫാത്ത് അവരെ കണ്ടപ്പോൾ, അവൻ ''നിലവിളിച്ചു'' (വാക്യം 32). ദിനവൃത്താന്ത എഴുത്തുകാരൻ കൂട്ടിച്ചേർത്തിരിക്കുന്നു, ''യെഹോശാഫാത്ത് നിലവിളിച്ചു, യഹോവ അവനെ സഹായിച്ചു, അവനെ വിട്ടുപോകുവാൻ ദൈവം അവർക്കു തോന്നിച്ചു'' (2 ദിനവൃത്താന്തം 18:31). ആ ദൈവഭക്തനായ മനുഷ്യൻ തന്നെ വിടുവിക്കുവാൻ യഹോവയോട് കരഞ്ഞപേക്ഷിച്ചു. യഹോവയുടെ മുന്നറിയിപ്പ് ലഭിച്ചിട്ടും യുദ്ധത്തിനു പോയ ബുദ്ധിശൂന്യനെ ദൈവം വിടുവിച്ചു. ''അവൻ യിസ്രായേൽ രാജാവല്ല എന്നു രഥനായകന്മാർ കണ്ടിട്ട്, അവനെ വിട്ടുമാറി പോന്നു'' (വാക്യം 33).

ആഹാബിന്റെ സൂത്രം ഫലിച്ചു എന്നു തോന്നി. മുപ്പത്തി-രണ്ടു സൈന്യാധിപന്മാരിൽനിന്നും അവൻ മറഞ്ഞിരുന്നു, പക്ഷെ ആർക്കും ദൈവത്തിൽനിന്നും ഒളിക്കുവാൻ സാധ്യമല്ല. ''എന്നാൽ യദൃച്ഛയാ വില്ല് കുലെച്ചു യിസ്രായേൽ രാജാവിനെ കവചത്തിനും പതക്കത്തിനും ഇടെക്ക് എയ്തു. അവൻ തന്റെ സാരഥിയോട്, നിന്റെ കൈ തിരിച്ച് എന്നെ പടയിൽനിന്നു കൊണ്ടുപോക; ഞാൻ കഠിനമായി മുറിവേറ്റിരിക്കുന്നു എന്നു പറഞ്ഞു'' (വാക്യം 34).

യഹൂദ പാരമ്പര്യം പറയുന്നത്, അതു നയമാനായിരുന്നു എന്നാണ്, പക്ഷെ അതിനു സാധ്യത കുറവാണ്, കാരണം അതു പരിചയ സമ്പന്നനായ ഒരു വില്ലാളി വീരനു മാത്രമെ വായുവിലേക്ക് അവിചാരിതമായി വില്ലു കുലച്ച് അയക്കുവാൻ കഴിയു. അവന്റെ ആദ്യ യുദ്ധത്തിലെ തിരഞ്ഞെടുപ്പ് അതി വേഗത്തിൽ ഏതു ദിശയിലും വില്ല് കുലച്ച് അയക്കുവാനുള്ള അവന്റെ കഴിവ് തെളിയിക്കുന്നതായിരുന്നു. ദൈവകൃപയാൽ, ഒരു വില്ല് ആഹാബിന്റെ കവ ചത്തിനിടക്ക് അവന്റെ നെഞ്ചിലേക്ക് ഇറങ്ങി. ആ ആയുധം സാധാരണ പ്ര ധാനപ്പെട്ട അവയവങ്ങളെ സംരക്ഷിക്കുന്നതായിരുന്നു. എങ്കിലും അതിനിടക്ക് വിടവുണ്ടായിരുന്നു, ആ വിടവിൽകൂടെ അതു ആഹാബിന്റെ ശരീരത്തിൽ കുത്തി തുളച്ചു കയറി.[33] സ്പഷ്ടമായും ഒരു ധമനി വ്രണപ്പെടുകയും, രക്തം ധാരയായി ഒഴുകുകയും ചെയ്തു.

''ആകയാൽ അവൻ [ആഹാബ്] തന്റെ സാരഥിയോട്, 'നിന്റെ കൈ പിടിച്ചു എന്നെ പടയിൽനിന്നു കൊണ്ടു പോക; ഞാൻ കഠിനമായി മുറിവേന്ദിരിക്കുന്നു എന്നു പറഞ്ഞു' '' (വാക്യം 34). ''പോക, പോക'' എന്നു ആഹാബ് തന്റെ തേരാ ളിയോട് നിലവിളിച്ചുകൊണ്ടിരുന്നു. എങ്ങനെയായാലും, അടുത്ത വാക്യം പറയുന്നു, ''അന്നു പട കഠിനമായി തീർന്നതുകൊണ്ട് രാജാവ് അരാമ്യർക്ക് എതിരെ രഥത്തിൽ നിവർന്നു നിന്നു'' (വാക്യം 35) യുദ്ധം കഠിനമായിരുന്ന തുകൊണ്ട് തേരാളിക്ക് രാജാവിന്റെ കൽപന അനുസരിക്കുവാൻ കഴിഞ്ഞില്ല. അവസാനം ആഹാബിന്റെ ശരീരത്തിൽ നിന്നു വളരെയധികം രക്തം വാർന്നു പോകയും അവനു നിൽക്കുവാൻ കഴിയാതെ ഭൃത്യന്മാരുടെ സഹായത്താൽ നിവർന്നു നിന്നു (വാക്യം 35; 2 ദിനവൃത്താന്തം 18:34).[34] അവസാനം ആഹാബ് രഥത്തിൽ മറിഞ്ഞു വീണു ''സൂര്യൻ അസ്തമിക്കുമ്പോൾ അവൻ മരിച്ചുപോ യി'' (2 ദിനവൃത്താന്തം 18:34).

മീഖായാവ് മുന്നറിയിച്ചതുപോലെ, ആഹാബ് മരിച്ചു എന്നറിഞ്ഞപ്പോൾ (വാക്യം 17), '' 'ഓരോരുത്തൻ താന്താന്റെ പട്ടണത്തിലേക്കും ദേശത്തേക്കും പോ കട്ടെ' എന്നു പാളയത്തിൽനിന്നു ഒരു പരസ്യം പുറപ്പെട്ടു'' (വാക്യം 36). അവന്റെ ശരീരം അവർ അടക്കം ചെയ്യുന്നതിന് ശമര്യയിലേക്ക് കൊണ്ടുവന്നു (വാക്യം 37). രക്തം പുരണ്ട രഥം അവർ പട്ടണത്തിനു പുറത്തുള്ള കുളത്തി നരികെ കൊണ്ടുപോയി.

> രഥം ശമര്യയിലെ കുളത്തിൽ കഴുകിയപ്പോൾ, യഹോവ കൽപിച്ചിരുന്ന വചനപ്രകാരം നായ്ക്കൾ അവന്റെ രക്തം നക്കി; (വേശ്യാസ്ത്രീകളും[35] അവിടെ കുളിച്ചു)[36] (വാക്യം 38).

രഥം കുളത്തിനരികിൽ കഴുകിയപ്പോൾ, ചായം പൂശി, മിന്നുന്ന വസ്ത്രം ധരിച്ച വേശ്യകൾ അതു നോക്കിക്കൊണ്ടിരുന്നു. ആഹാബിന്റെ രക്തത്തിന്റെ ഒരു ഭാഗം പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞ നായ്ക്കൾ നക്കി, മറ്റൊരു ഭാഗം കുളത്തിലെ വെള്ളത്തിൽ ലയിച്ചിരുന്നു, ആ വെള്ളത്തിൽ വേശ്യമാർ കുളി ക്കുകയും ചെയ്തു.

വാക്യം 39-ൽ ആഹാബിന്റെ ജീവിതത്തിൽ അവൻ നിർമ്മിച്ചതും ചെയ്തതുമായ കാര്യങ്ങൾ ചുരുക്കി പറഞ്ഞുകൊണ്ടാണ് അവസാനിപ്പിക്കു ന്നത്. എങ്ങനെയായാലും, അവക്കെല്ലാം അനന്തരഫലവുമുണ്ടായിരുന്നു.

പട്ടണങ്ങളും ആനക്കൊമ്പുകൊണ്ടുള്ള രാജധാനിയും പോയി. ജീവിതത്തി ലുടനീളം, സത്യത്തെ തള്ളിക്കളഞ്ഞുകൊണ്ട് ജീവിക്കുകയും, അവസാനം ലജ്ജയോടെ മരിക്കയും ചെയ്തു.

**ഉപസംഹാരം**

ബോസ്റ്റൺ സെൽടികിസിന്റെ കാപ്ടനായിരുന്ന റെജി ലൂയിസ് നല്ല ഒരു ബാസ്ക്കറ്റ് ബാൾ കളിക്കാരനായിരുന്നു. അയാൾ 1993 ജൂലായ് 27 ന് മരിച്ചു എന്നു കേട്ടപ്പോൾ അമേരിക്ക ഞെട്ടിപ്പോയി. മൂന്നു മാസം മുൻപ് റെജി ബാസ്ക്കറ്റ് ബാൾ കളിച്ചുകൊണ്ടിരുന്നപ്പോൾ കുഴഞ്ഞു വീഴുകയും, ഡോക്ടറുടെ പരിശോധനക്ക് വിധേയനാക്കുകയും ചെയ്തു. ഹൃദയവിദഗ്ധ രായ പന്ത്രണ്ട് ഡോക്ടർമാർ അദ്ദേഹത്തിന്റെ ഹൃദയത്തിനു സാരമായ കുഴ പ്പമുണ്ടെന്നു കണ്ടെത്തി. ഇനി ബാസ്ക്കറ്റ് ബാൾ കളിക്കുന്നത് നിർത്തുവാനു ം ഉപദേശിച്ചിരുന്നു. റെജി ആസ്പത്രിയിൽനിന്നു പുറത്തു കടന്നു മറ്റൊരു പരിശോധന നടത്തിയപ്പോൾ, ഹൃദയത്തിനു സാരമായ കുഴപ്പം ഇല്ലെന്നും മരുന്നും തെറാപ്പിയും നടത്തിയാൽ മതിയെന്നും, ബാസ്ക്കറ്റ് ബാൾ കളിക്കു ന്നതിൽ തെറ്റില്ല എന്നുമുള്ള അഭിപ്രായം ലഭിച്ചു.[37] വാസ്തവത്തിൽ റെജി കേൾക്കുവാൻ ആഗ്രഹിച്ച അഭിപ്രായമായിരുന്നു അത്.

സത്യത്തെ അവരുടെ വശത്തേക്കു കൊണ്ടുവരുവാനാണ് മിക്കപേർക്കും താൽപര്യം എന്നു പറയപ്പെട്ടിട്ടുണ്ട്, കുറച്ചു പേർ മാത്രമെ സത്യത്തിന്റെ വശ ത്തേക്ക് പോകുന്നുള്ളു. ഹൃദയം കഠിനപ്പെട്ട ഒരാൾക്കു പോലും, സത്യത്തെ *കുറിച്ച്*, ''സത്യത്തെ കുറിച്ചു മാത്രം ചിന്ത വേണം'' എന്നാണ് ആഹാബിന്റെ ദുഃഖകരമായ സംഭവങ്ങൾ നമ്മെ ബോധ്യമാക്കുന്നത്.

നാം അവസാനിപ്പിക്കുന്നതിനു മുമ്പ് നമുക്ക് ഒരു കാര്യം കൂടെ നോ ക്കേണ്ടതായിട്ടുണ്ട്: ക്രിസ്തുവിൽനിന്നും അവന്റെ വചനത്തിൽനിന്നും ന മുക്ക് സത്യത്തെ മാറ്റുവാൻ സാധ്യമല്ല. ക്രിസ്തു പറഞ്ഞു, ''ഞാൻ തന്നെ ... സത്യം'' (യോഹന്നാൻ 14:6).[38] ''യേശുവിലാണ് സത്യം'' എന്നു പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു (എഫെസ്യർ 4:21). യേശു ഇവിടെനിന്നു പോയ പ്പോൾ അപ്പൊസ്തലന്മാരെ ''സകല സത്യത്തിലും വഴി നടത്തുവാൻ'' പ രിശുദ്ധാത്മാവിനെ അയച്ചുകൊടുത്തു (യോഹന്നാൻ 16:13), തൽഫലമായി ട്ടാണ് നമുക്ക് ''യേശുക്രിസ്തുവിന്റെ പുതിയ നിയമം'' എന്നു വിളിക്കുന്ന വെളിപ്പാട് ലഭിച്ചത്. അവൻ അപ്പൊസ്തലന്മാർ മുഖാന്തരം വെളിപ്പെടുത്തിയ ക്രിസ്തുവിനെ കുറിച്ചുള്ള സത്യം *വിശ്വസിച്ച് അനുസരിക്കുവാൻ* ദൈവം ന മ്മെ സഹായിക്കട്ടെ!

---

കുറിപ്പുകൾ

[1]''രേഖ പോകുന്നേടത്തോളം'' എന്നു ഊന്നി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു കാരണം മുൻപ് ബന്ധപ്പെട്ടിരിക്കുവാൻ സാധ്യതയുണ്ട്. ഉദാഹരണത്തിന്, യെഹോ ശാഫാത്തും ആഹാബും അവരുടെ മക്കളുടെ വിവാഹത്തിനു തീർച്ചയായും കണ്ടി രിക്കും. [2]ഈ പരമ്പരയിൽ ഇത് ആദ്യമാണ് സമാന്തരവിവരം നാം ദിനവൃത്താന്തപു സ്തകത്തിൽ വായിക്കുന്നത് (2 ദിനവൃത്താന്തം 18). കാരണം ദിനവൃത്താന്തം തെക്കെരാജ്യമായ യഹൂദയെ കുറിച്ചാണ് വിചാരപ്പെട്ടിരുന്നതു, അല്ലാതെ വടക്കെ രാജ്യമായ യിസ്രായേലിനെ കുറിച്ചായിരുന്നില്ല. യെഹോശാഫാത്തും ഇതിൽ ഉൾപ്പെ

ട്ടതുകൊണ്ടാണ് ദിനവൃത്താന്തപുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയത്. [3]കെജെ വിയിൽ ''ജോയിന്റ് അഫിനിറ്റി'' എന്നാണ്. [4]2 രാജാക്കന്മാർ 8:18, 27 നോക്കുക. [5]2 ദിനവൃത്താന്തം 17:3, 4 നോക്കുക. [6]യഹൂദയെ സംബന്ധിച്ച് ആ സഖ്യത വിപത്തു തന്നെയായിരുന്നു. യഹൂദക്ക് ബാലിനെ ആരാധിക്കൽ പരിചയപ്പെടുത്തിയത് അഥ ല്യയായിരുന്നു. അഹസ്യാവ് മരിച്ചപ്പോൾ, ദാവീദിന്റെ ഗൃഹത്തിലെ സകലസന്തതി കളേയും കൊല്ലുവാൻ അവൾ ശ്രമിച്ചിരുന്നു (അവളുടെ സ്വന്ത കൊച്ചുമക്കളടക്കം). അങ്ങനെ അവൾക്ക് സിംഹാസനത്തിലിരിക്കാമല്ലൊ (യോവാശ് മാത്രം രക്ഷപ്പെട്ടു). [7]2 ദിനവൃത്താന്തം 19:2, 3. [8]രാജാക്കന്മാർ 22:32 മുതൽ. [9]മത്തായി 5:9. [10]1 രാജാക്കന്മാർ 17:1.

[11]കൊരിന്ത്യർ 6:14-17 നോക്കുക. ആഹാബിന്റെ മകൻ അഹസ്യാവുമായി സഖ്യ മുണ്ടാക്കിയതിൽ യെഹോശാഫാത്തും ''ദുഷ്ടത പ്രവർത്തിച്ചു'' എന്നാണ് രണ്ട് ദിനവൃത്താന്തം 20:35 പറയുന്നത്. [12]1 ശമുവേൽ 23:2, 4 നോക്കുക. [13]മന്ത്രി നിർദ്ദേശ ങ്ങളും നൽകിയിട്ടുണ്ട്. അവരിൽ ഒരാൾക്ക് എബ്രായപേരുള്ളത് (വാക്യങ്ങൾ 11, 24) സൂചിപ്പിക്കുന്നത്, അവർ ബാലിന്റേയോ അശേരയുടേയോ പ്രവാചകന്മാരായിരുന്നില്ല എന്നാണ്. [14]1 രാജാക്കന്മാർ 14:7 മുതലും; 17:1 ഉം തുടങ്ങിയവ നോക്കുക. [15]*ഏലോഹി മിൽ* നിന്നുള്ള ''ദേവൻ'' എന്ന വാക്ക് പൊതുവിൽ പ്രവാചകന്മാർ ഉപയോഗിച്ചിരു ന്നുവെന്ന് ദിനവൃത്താന്ത എഴുത്തുകാരൻ പറയുന്നു (2 ദിനവൃത്താന്തം 18:5). ബാൽ ആരാധകരും ബാലിനെ ''ഏലോഹിം'' എന്നു വിളിച്ചിരുന്നു. 1970 ലെ''മൈ സ്വീറ്റ് ലോഡ്'' എന്ന പ്രചാരത്തിലുള്ള ഒരു പാട്ടാണ് എനിക്ക് ഓർമ്മ വരുന്നത്. അതു അന്യ ദേവനെ നമസ്ക്കരിച്ചിരുന്ന ഒരു ആത്മിയാചാര്യനെ കുറിച്ചുള്ള ഗാനമാണെങ്കിലും, പ ലരും കരുതുന്നത് അത് യേശുവിനെ കുറിച്ചുള്ള ഗാനമായിട്ടാണ്. [16]''അതു'' എന്നത് ചരിച്ചെഴുതിയതിനാൽ തർജിമക്കാർ ചേർത്തതാണ്. [17]ഇതു പഴയനിയമത്തിലെ ഒരു സാധാരണ പേരാണ്. [18]കൂടാതെ വാക്യം 16 ഉം 2 ദിനവൃത്താന്തം 18:7 ഉം നോക്കുക (''ഒരിക്കലും ... പക്ഷെ എല്ലായ്പോഴും''). [19]അല്ലെങ്കിൽ, നമുക്ക് ''നല്ലത്'' കേൾക്കാൻ കഴിയുന്നില്ലെങ്കിൽ, ''ഇതാ ഒരു ചെറിയ ഗുളിക ദിവസം ഒന്നു കഴിച്ചാൽ പ്രശ്നങ്ങ ളെല്ലാം മാറും.'' [20]അത് വലിയ ഒരു ഉയർന്നതും. മണ്ണ് ഇടിച്ചൊതുക്കി ധാന്യം മെതി ക്കുവാനുള്ള കളപ്പുരയായിരുന്നു. രാജാവിന്റെ ഉദ്ദേശത്തിനു പറ്റിയതായിരുന്നു.

[21]അവന്റെ പേരിന്റെ അർത്ഥം ''യഹോവയുടെ നീതി'' എന്നാണ്. ആ പേർ മാതാപി താക്കൾക്ക് (ഇന്നു നാം ചെയ്യുന്നതുപോലെ) ഇഷ്ടപ്പെട്ടതുകൊണ്ടാണോ അതോ യഹോവക്ക് മഹത്വം കൊടുക്കേണ്ടതിനാണോ ആ പേരിട്ടത്? യഹോവാഭക്തിയുള്ള മാതാപിതാക്കളായിട്ടാണ് അവർ സിദെക്കിയാവിനെ വളർത്തിയതെങ്കിൽ, അവൻ അതു വിട്ടുകളഞ്ഞിരിക്കാം. [22]ആവർത്തന പുസ്തകം 33:17 ലെ മോശെയുടെ വാക്കു കൾ അറിഞ്ഞോ അറിയാതെയോ സിദെക്കിയാവ് പറയുകയായിരുന്നു എന്നു മിക്ക വ്യാഖ്യാതാക്കളും കരുതുന്നു. [23]നാനൂറു പ്രവാചകന്മാരും ''ഐക്യരൂപത്തിൽ'' പ റഞ്ഞ വാക്ക് ഒരുപക്ഷെ ഉദ്യോഗസ്ഥൻ അവനോട് പറഞ്ഞിരിക്കാം, ഒരുപക്ഷെ ദൈവം അവനോട് പറഞ്ഞിരിക്കാം. [24]നിങ്ങൾക്ക് വേണമെങ്കിൽ, എല്ലാവർക്കും തീർച്ച പ്പെടുത്താവുന്ന വിധത്തിൽ പെട്ടെന്ന് ഒരു പ്രദർശനമാക്കി കാണിക്കാം: ''നിങ്ങൾ വളരെ മിടുക്കനാണ്.'' അത്തരം പരിഹാസ്യമായ കുത്തുവാക്കുകൾ ബൈബിളിൽ ധാരാളമുണ്ട്. [25]''സത്യം പറയുവാൻ, ആണയിടുന്നതിനെ'' ഉപയോഗിക്കുന്നതാണ് ''അഡ്ജ്വർ'' എന്ന വാക്ക്. [26]യെഹസ്ക്കേൽ, യേശു എന്നിവരും ഈ പ്രയോഗം നടത്തിയിട്ടുണ്ട്. [27]''കളി കളിക്കൽ'' എന്ന വാക്കിനുപകരം നിങ്ങൾക്കു വേണമെ ങ്കിൽ, ''നാം *വഞ്ചിക്കപ്പെടും*'' എന്നതു ഉപയോഗിക്കാം. [28]ലൂയിസ് കോപ്ലാന്റ്, എഡി., *പോപുലർ ക്വട്ടേഷൻസ് ഫോർ ആൾ* (ഗാർഡൻ സിറ്റി, ന്യുയോർക്ക്.: ഡബിൾഡേ

ആന്റ് കമ്പനി., 1961), 469. [29]സിദെക്കിയാവും മന്ദു കോടതി പ്രവാചകന്മാരും വെപ്രാളപ്പെട്ട് പ്രതികരിച്ച് ആത്മാർത്ഥതയെ സൂചിപ്പിക്കുന്നു എന്നാണ് ചിലർ പറയുന്നത്. അവർ ആത്മാർത്ഥതയുള്ളവരായിരുന്നേക്കാം. പക്ഷെ സിദെക്കിയാവിന്റെ പ്രവൃത്തികൾ അതു തെളിയിക്കുന്നില്ല. [30]ഇവർ സ്പഷ്ടമായും മുൻപ് മീഖായാവിനെ കുറ്റം ചുമത്തിയവരായിരുന്നു.

[31]യിരെമ്യാവ് 28:9 കൂടെ നോക്കുക. [32]1 രാജാക്കന്മാർ 20:1, 16, 24 നോക്കുക. [33]കൃത്യമായ സ്ഥാനം നിർണ്ണയിക്കുന്നതിൽ യോജിക്കുവാൻ പണ്ഡിതർക്കു കഴിഞ്ഞിട്ടില്ല. [34]സംഘങ്ങളുടെ ഗുണത്തിനു വേണ്ടിയാണ് ആഹാബ് ഇങ്ങനെ ചെയ്തത് എന്നാണ് ചില എഴുത്തുകാർ പറയുന്നത്. എങ്ങനെയായാലും, അവൻ മുൻപു തന്നെ യുദ്ധത്തിൽനിന്നു വിട്ടുപോകുവാൻ ആഗ്രഹിച്ചതായി കാണുന്നതിനാൽ, താൻ എത്ര വഴങ്ങുന്നവനാണെന്ന് ശത്രുക്കൾ അറിയരുത് എന്ന് അവൻ ആഗ്രഹിച്ചതായാണ് ഞാൻ ഊഹിക്കുന്നത്. [35]കെജെവിയിൽ ''ആർമർ'' എന്നാണ്, അതു യഹൂദ പാരമ്പര്യത്തെ കാണിക്കുന്നു. ഉപയോഗിച്ച ക്രിയ ''വേശ്യകൾ'' എന്നതിനോട് അനുകൂലിക്കുന്നു. മിക്ക ആധുനിക തർജിമകളിലും ''വേശ്യകൾ'' എന്നാണ്. ഇവർ അശേരാ ക്ഷേത്രവുമായി ബന്ധപ്പെട്ട വ്യഭിചാരികൾ ആയിരുന്നേക്കാം, അല്ലെങ്കിൽ അല്ലായിരുന്നേക്കാം. ആഹാബിന്റെ മരണം ലജ്ജാകരമായിരുന്നു എന്നാണ്, ദൈവശ്വാസിയ എഴുത്തുകാരൻ വ്യക്തമാക്കുന്നത്. [36]നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിയത് യിസ്രെയേലിനരികിലും, ആഹാബിന്റെ രക്തം നക്കിയത് ശമര്യക്കരികിലും ആയിരുന്നു. അതുകൊണ്ട് പ്രവചനം അതേപടി നിറവേറിയില്ല എന്നാണ് ചിലർ പറയുന്നത്. എങ്ങനെയായാലും, ബർട്ടൻ കോഫ്മാൻ പറയുന്നത്, (1) ആഹാബിന്റെ അനുതാപം ആദ്യത്തെ പ്രവചനത്തിന് അൽപം ഭേദഗതി വരുത്തി (1 രാജാക്കന്മാർ 21:27–29), (2) ''സ്ഥലം'' എന്നതു ആ ''പ്രദേശത്ത്'' എന്നാണ് അർത്ഥമാക്കുന്നത് യിസ്രെയേലും ശമര്യയും യിസ്രായേലിലെ അടുത്തടുത്തുള്ള രണ്ടു സ്ഥലങ്ങൾ മാത്രമാണ് (നോക്കുക, ബർട്ടൻ കോഫ്മാൻ *കമെന്ററി ഓൺ 1 രാജാക്കന്മാർ*, 299, 300.) [37]അവൻ മൂന്നാമത് ഒരഭിപ്രായം കൂടെ തേടിയിരുന്നു എന്നാണ് അവന്റെ ഭാര്യ പറഞ്ഞത്. ആ പണ്ഡിതന്മാർക്ക് ''തീർച്ചയുള്ള പരിശോധന'' നടത്തുവാൻ കഴിഞ്ഞില്ല. റെജി വിശ്വസിച്ചതു രണ്ടാമത്തെ അഭിപ്രായമായിരുന്നു, അയാൾ ഇഷ്ടപ്പെട്ടതു ആതായിരുന്നു. [38]യോഹന്നാൻ 5:23 നോക്കുക.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- ഏ. സത്യത്തിനാണ് പ്രാധാന്യമുള്ളത് (യോഹന്നാൻ 8:32; സദൃശവാക്യങ്ങൾ 23:23).
  1. ദൈവ വചനത്തിൽ കാണാവുന്നതാണ് സത്യം (യോഹന്നാൻ 17:17; 2 ശമുവേൽ 7:28; സങ്കീർത്തനങ്ങൾ 119:142, 151, 160).
  2. സത്യത്തെ നാം എന്തു ചെയ്യും?
     - ഏ. യിരെമ്യാവ് 5:1; 1 തിമൊഥെയൊസ് 4:3; 1 പത്രൊസ് 1:22; സെഖര്യാവ് 8:16; എഫെസ്യർ 4:15; 1 രാജാക്കന്മാർ 2:4; 3:6; സങ്കീർത്തനങ്ങൾ 86:11; യോഹന്നാൻ 3:21; 1 യോഹ ന്നാൻ 1:6;

1 തിമൊഥെയൊസ് 3:15 നോക്കുക.

ബി. റോമർ 1:18, 25, 28; ഗലാത്യർ 5:17; 2 തിമൊഥെയൊസ് 3:8; 4:4; തിത്തോസ് 1:4 നോക്കുക.

ബി. നാം 1 രാജാക്കന്മാർ 22 പരിഗണിക്കും.

1. ബൈബിളിനോടുള്ള നമ്മുടെ മനോഭാവത്തെയും സത്യത്തെ അവഗണിച്ചു തള്ളിക്കളഞ്ഞാലുള്ള അനന്തരഫലങ്ങളെയും കുറിച്ചു ശക്തമായ പാഠങ്ങൾ ഇവിടെ കാണാം.
2. നമ്മുടെ പാഠത്തിന്റെ തലക്കെട്ട് വാക്യം 16-ൽ നിന്നുള്ളതാണ്.

I. നമുക്ക് സത്യത്തോടു കളിക്കുവാൻ കഴിയും (22:1-17).

ഏ. ദൈവഭക്തനായ രാജാവ് ''വിട്ടുവീഴ്ച്ച'' എന്ന കളി കളിച്ചു (വാക്യങ്ങൾ 1-4).

1. യെഹൂദാരാജാവ് യിസ്രായേൽ രാജാവിനെ സന്ദർശിച്ചു. (വാക്യം 2), ഒരു അസാധാരണ സംഭവം.

ഏ. രണ്ട് വസ്തുതകൾ പറഞ്ഞിരിക്കുന്നു:

(1) ഒരു വിവാഹം (2 ദിനവൃത്താന്തം 18:1; 2 രാജാക്കന്മാർ 8:18, 27 നോക്കുക).

(2) യിസ്രായേലുമായി സമാധാന സഖ്യം (വാക്യം 44).

ബി. യെഹോശാഫാത്തിന്റെ ആഗ്രഹം ഉയർന്നതായിരുന്നു എന്നതിൽ സംശയമില്ല, എന്നാൽ തത്വത്തിൽ അവൻ ചെയ്തതു തെറ്റായിരുന്നു. പരിശീലനത്തിൽ വിപത്തായിരുന്നു, അനന്തരഫലം വിധികൽപിതവുമായിരുന്നു.

2. അരാമ്യർക്കെതിരായുള്ള യുദ്ധത്തിന് ആഹാബിനോടുകൂടെ പോകുവാൻ യെഹോശാഫാത്ത് സമ്മതിച്ചു (വാക്യങ്ങൾ 3, 4), ആ തീരുമാനം യഹോവക്ക് അനിഷ്ടമായിരുന്നു (2 ദിനവൃത്താന്തം 19:2)!

ബി. കള്ളപ്രവാചകന്മാർ ''അവർ കേൾക്കു-വാൻ-ആഗ്രഹിച്ചതു-പറ'' യുന്ന കളി കളിച്ചു (വാക്യങ്ങൾ 5-7).

1. യെഹോശാഫാത്ത് യഹോവയുടെ അരുളപ്പാട് ചോദിപ്പാൻ ആവശ്യപ്പെട്ടപ്പോൾ (വാക്യം 5) ആഹാബ് നാനൂറു പ്രവാചകന്മാരെ വരുത്തി (വാക്യം 6).

ഏ. അവർ താൻ കേൾക്കുവാൻ ആഗ്രഹിച്ചതു പറയുന്ന കോടതിയിലെ അവന്റെ പ്രവാചകന്മാരായിരുന്നു.

ബി. അവരുടെ ഉത്തരം ദ്വയാർത്ഥമുള്ളതായിരുന്നു. അവർ പറഞ്ഞ ''ലോർഡ്'' (*അഡോണായ്*) എന്ന വാക്ക് യഹോവക്കും ബാലിന്നും ഉപയോഗിച്ചിരുന്നു.

2. യെഹോശാഫാത്ത് തൃപ്തനാകാതിരുന്നതിനാൽ യഹോവയുടെ പ്രവാചകനെ വരുത്തുവാൻ പറഞ്ഞു (വാക്യം 7).

സി. അഭക്തനായ ഒരു രാജാവ് ''എനിക്ക് സമ്മതമാണ്-എങ്കിൽ-എനിക്കു-സത്യം-വേണം'' എന്ന കളി കളിച്ചു (വാക്യങ്ങൾ 8-11).

1. മീഖായാവ് യഹോവയുടെ പ്രവാചകനായിരുന്നു, എന്നാൽ

ആഹാബ് പറഞ്ഞു, ''എനിക്ക് ഗുണമല്ലാതെ ദോഷം പ്രവചിക്ക യാൽ ഞാൻ അവനെ വെറുക്കുന്നു'' (വാക്യം 8).

ഏ. ആത്മിയമായി ''ഉവ്വ്'' എന്നു പറയുന്ന ആളെയാണ് ആഹാ ബിനു വേണ്ടത് (2 തിമൊഥെയൊസ് 4:3, 4 നോക്കുക).

ബി. ചിലപ്പോൾ സത്യം വ്രണപ്പെടുത്തും!

2. മീഖായാവിനു വേണ്ടി ആളയച്ചപ്പോഴും (വാക്യം 9), നാനൂറു പ്രവാച കന്മാരും ആഹാബ് കേൾക്കുവാൻ ആഗ്രഹിച്ചതു പ്ര സംഗിച്ചു കൊണ്ടിരുന്നു (വാക്യങ്ങൾ 10-12).

G. ഇപ്പോൾ അവർ അതു യഹോവയുടെ നാമത്തിൽ ചെയ്യു വാൻ തുടങ്ങി (വാക്യങ്ങൾ 11, 12); അവർ ആരാധിച്ചിരുന്ന അനേക ദേവന്മാരോടുകൂടെ യഹോവയുടെ നാമം കൂടെ ചേർക്കു വാൻ അവർക്ക് മടിയില്ലായിരുന്നു.

ബി. ഒരാൾക്ക് സിദെക്കിയാാവ് എന്നായിരുന്നു പേർ (വാക്യം 11).

ഡി. ''ഞാൻ നിങ്ങൾക്ക്-നല്ലതു-സംസാരിക്ക-ട്ടെ'' എന്ന കളിയായിരുന്നു മൃദുലമായി-സംസാരിച്ച ഉദ്യോഗസ്ഥൻ കളിച്ചത് (വാക്യം 13; യെശയ്യാവ് 30:9, 10 നോക്കുക).

ഈ. ധൈര്യവാനായ പ്രവാചകൻ പറഞ്ഞു, ''കളി എല്ലാം മറക്കുക! നമുക്ക് ഉള്ളത് അതുപോലെ പറയാം!'' (വാക്യങ്ങൾ 14-17).

1. മീഖായാവിന്റെ ആദ്യ പ്രതികരണം (വാക്യം 15) വാക്യം 16 നെ ഊഷ്മളമാക്കിയിരിക്കുന്നു. ഓ, എല്ലാ സദസ്യരും സത്യം കേൾക്കുവാൻ ഉൽസാഹിച്ചിരുന്നുവെങ്കിൽ, ''സത്യം അല്ലാതെ യാതൊന്നുമല്ല!''

2. ദൈവത്തിന്റെ പ്രവാചകൻ''ഉള്ളതുപോലെ തന്നെ പറഞ്ഞു (വാക്യം 17); അവൻ ആഹാബിന്റെ മരണം പ്രവചിച്ചു.

II. സത്യത്തോടു കളിച്ചാൽ നമുക്ക് നഷ്ടമുണ്ടാകും (22:18-23).

ഏ. ആഹാബ് തുടർന്നും കളിച്ചുകൊണ്ടിരുന്നു (വാക്യം 18).

ബി. ബൈബിളിൽ വെച്ച് ഏറ്റവും അസാധാരണമായ വേദഭാഗം (വാക്യങ്ങൾ 19-23).

1. ദൈവത്തിനു ആരുടേയും ഉപദേശം ആവശ്യമില്ലായ്ക യാൽ (റോമർ 11:34, 35), എല്ലാ വിശദാംശങ്ങളും അക്ഷരിക മായി എടുക്കേണ്ടതില്ല. ആഹാബിന്റെ പ്രവാചകന്മാരെല്ലാം ഭോഷ്ക്കാണ് പറഞ്ഞിരുന്നത്!

2. ഒരാൾ സത്യത്തെ സ്നേഹിച്ചു കൈക്കൊണ്ടില്ലെങ്കിൽ, അയാൾക്ക് ഭോഷ്ക്ക് വിശ്വസിച്ചു വഞ്ചിക്കപ്പെടുവാനും നഷ്ടപ്പെടുവാനും അയാളെ ദൈവം അനുവദിക്കും! (2 തെസലൊനിക്യർ 2:10-12).

III. നമുക്ക് സത്യത്തെ നിഷേധിക്കുവാൻ കഴിയും (22:24-28).

ഏ. സിദെക്കിയാവ് സത്യം നിഷേധിച്ചു (വാക്യങ്ങൾ 24, 25).

1. മീഖായാവിന്റെ ചെറുകഥയുടെ ''പ്രാധാന്യം'' മനസിലാക്കുവാൻ സിദെക്കിയാവിനു പ്രയാസം നേരിട്ടില്ല (വാക്യം 24).
2. ആഹാബിന്റെ മരണശേഷം സിദെക്കിയാവ് ഈസെബേലിൽനിന്നും ഒളിച്ചിരുന്നതിനെ കുറിച്ചായിരിക്കാം വാക്യം 25 പറയുന്നത്.

ബി. ആഹാബ് സത്യം നിഷേധിച്ചു (വാക്യങ്ങൾ 26–28).

1. ആഹാബ് മുന്നറിയിപ്പ് അവഗണിച്ചു എന്നാണ് ''ഞാൻ സമാധാനത്തോടെ മടങ്ങി വരും വരെ'' എന്നത് സൂചിപ്പിക്കുന്നത്.
2. ഫലത്തിൽ, മീഖായാവ് പറഞ്ഞു, ''നീ സമാധാനത്തോടെ മടങ്ങി വരികയാണെങ്കിൽ ഞാൻ വാസ്തവത്തിലുള്ള പ്രവാചകനല്ല'' (വാക്യം 28; ആവർത്തനപുസ്തകം 18:20–22).

IV. സത്യത്തെ നിഷേധിച്ചാൽ വിപത്ത് ഒഴിയുകയില്ല (22:29–39).

ഏ. ചെയ്യരുതാതിരുന്ന യുദ്ധം (വാക്യങ്ങൾ 29–33)

1. ഭയന്ന ആഹാബ്, യെഹോശാഫാത്തിനോട് രാജ വസ്ത്രം ധരിപ്പാൻ പറഞ്ഞിട്ട്, അവൻ വേഷം മാറി സാധാരണ ഭടന്റെ വേഷത്തിൽ പോയി (വാ. 29, 30).
2. ബെൻഹദദിന്റെ സൈന്യാധിപന്മാർ യെഹോശാഫാത്ത് ആഹാബ് ആണെന്നു ധരിച്ചു, എന്നാൽ യഹോവ അവനെ രക്ഷിച്ചു (വാക്യങ്ങൾ 31–33; 2 ദിനവൃത്താന്തം 18:31).

ബി. മുന്നറിയിച്ച മരണം (വാക്യങ്ങൾ 34–39)

1. ഒരു കൂർത്ത വില്ലു കുലച്ചത് ആഹാബിന്റെ കവചത്തിനിടയിൽ കൂടെ കയറി അവന്റെ ധമനി കുത്തിത്തുളച്ചു (വാക്യം 34).
2. യുദ്ധക്കളം വിട്ടുപോകുവാൻ ആഹാബ് ആഗ്രഹിച്ചു (വാക്യം 34), പക്ഷെ കഴിഞ്ഞില്ല (വാക്യം 35; 2 ദിനവൃത്താന്തം 18:34). അവന്റെ ശരീരം ശമര്യയിലേക്കു കൊണ്ടുപോയി (വാക്യം 37).
3. അവന്റെ രക്തം പുരണ്ട രഥം കഴുകുവാനായി കുളത്തിനരികെ കൊണ്ടുപോയി ''യഹോവയുടെ വചനപ്രകാരം … അവന്റെ രക്തം നായ്ക്കൾ നക്കി'' (വാക്യം 38).

ഉപസംഹാരം

ഏ. നാം ''സത്യത്തെ കുറിച്ചു കരുതലുള്ളവരാകണം, അല്ലാതെ മറ്റൊന്നുമായിരിക്കരുത്'' എന്നതാണ് ആഹാബിന്റെ സംഭവം നമ്മെ ബോധ്യമാക്കുന്നത്!

ബി. ഇന്നു സത്യത്തെ ക്രിസ്തുവിൽനിന്നും അവന്റെ വചനത്തിൽനിന്നും വേർപെടുത്താവുന്നതല്ല (യോഹന്നാൻ 14:6; 5:23; എഫെസ്യർ 4:21; യോഹന്നാൻ 16:13). യേശുക്രിസ്തുവിനെ കുറിച്ചുള്ള സത്യം *വിശ്വസിച്ച് അനുസരിക്കുവാൻ* നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സത്യം അവൻ അപ്പൊസ്തലന്മാരിൽകൂടെ നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു.